(INDIAN THOZHILALY ONLINE MAGAZINE)
www.indianthozhilaly.com

# ഇന്ത്യൻ തൊഴിലാളി

ലക്കം 5
27 ജൂലൈ 2026
മാസിക,
തിരുവനന്തപുരം

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം



## കോൺഗ്രസ്സ് തീക്കാറ്റായി എല്ലാം നീറ്റായി



## പൊന്മുടി നാഥൻ പരമേശ്വരൻ

ചന്ദ്രശേഖരൻ കൽത്തുറുങ്കിലേയ്ക്കോ?

# ഇന്ത്യൻ തൊഴിലാളി

## ഓണം സ്പെഷ്യൽ

### പാറ്റകൾ പഠിപ്പിച്ച പാഠം

പ്രഗത്ഭരും പ്രശസ്തരും
പങ്കെടുക്കുന്ന സംവാദം



വനിതാ സംവരണം മിഥ്യയോ?

പ്രമുഖ വനിതാ നേതാക്കൾ
പങ്കെടുക്കുന്ന ചർച്ച



പുതിയ എഴുത്തുകാരുടെ കഥകൾ,
നോവലെറ്റ്, ഫോട്ടോ ഫീച്ചറുകൾ,
കാർട്ടൂണുകൾ, തൊഴിൽ
മേഖലയിലെ വിഷയങ്ങളെ
സംബന്ധിച്ച ഗവേഷണ പഠനങ്ങൾ

പുതിയ സിനിമകൾ......







(INDIAN THOZHILALY ONLINE MAGAZINE)
# ഇന്ത്യൻ തൊഴിലാളി
അദ്ധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം
www.indianthozhilaly.com

## ഉൾപ്പേജുകളിൽ


വിസ്മയ
**ജ്വാലയായി തുറന്നടിച്ചു**
മാലതി മേനോൻ ........ 09

ഇടതുമുന്നണിക്ക് യോഗം
**ചേരാൻ പോലും കഴിയുന്നില്ല**
പി സുധാകരൻ ........ 12

സർക്കാർ ജുഡീഷ്യറിയെ
**കരിവാരി തേയ്ച്ചു ഹൈക്കോടതി**
എ എം ഷാജഹാൻ ........ 14

പൊന്മുടിനാഥൻ
**പരമേശ്വരൻ**
കെ. കെ നായർ ........ 16

ലയവിന്യാസങ്ങളിലെ
**ജീവിതം മാറാൻ**
കടവിള ഷാജി ........ 18

അജിത് കുമാറും വീണു;
**പ്രശാന്ത് അകത്തുമായി**
സ്റ്റാഫ് റിപ്പോർട്ടർ ........ 21

കേരളത്തെ സ്വപ്ന ചിറകിലേറ്റി
**സതീശൻ മന്ത്രിസഭ**
കെ.പി ഹരിദാസ് ........ 24

വോട്ട് ചെയ്യാൻ പോയ
**ബംഗാളികൾ മടങ്ങിയില്ല**
ആലിയാട് സുരേന്ദ്രൻ ........ 26

കെ. മുരളീധരനെ പ്രശംസിച്ച്
**ഡോ: ഹാരിസ്**
സ്റ്റാഫ് റിപ്പോർട്ടർ ........ 28

നിർമ്മിക്കാനും പിരിവ്
**പൊളിക്കാനും പിരിവ്**
മീര നായർ ........ 29

കോറോഹെൽത്തിൽ
പിരിച്ചുവിട്ടവർക്ക് 7 മാസത്തെ
**ശമ്പളം; പുതിയ ജോലിയും** ........ 30

300 ജീവനക്കാരെ
**പിരിച്ചുവിട്ട് 'ടാൽറോപ്പ്**
സുമ കൊല്ലങ്കോട് ........ 31

നഴ്സുമാരുടെ സമരം
**ആറാം മാസത്തിലേക്ക്?**
ആശ മാത്യു ........ 32

റിട്ടയർമെന്റിനൊപ്പം
**ആരോഗ്യ ഇൻഷുറൻസും ഉറപ്പാക്കുന്നു**
അഷറഫ് എസ് ........ 34

സോളാർ മേഖലയിലെ
**ഞെട്ടിക്കുന്ന മാറ്റങ്ങൾ 36**
Noushad Sharafudeen ........ 36

കേന്ദ്ര പദ്ധതിയോട്
**വൈമുഖ്യം**
ഷില വേണുഗോപാൽ ........ 38





കവർ സ്റ്റോറി

06

**തീക്കാറ്റായി കോൺഗ്രസ്സ് എല്ലാം നീറ്റായി**
ആർ. എം പരമേശ്വരൻ



ബി ജെ പിയിൽ നിന്ന്
**ശ്രീരാമനെ രക്ഷിക്കാൻ പ്രക്ഷോഭം വരുന്നു**
10
പ്രത്യേക ലേഖകൻ, ഡൽഹി




**തൂഫാന് ചരിത്ര വിജയം**
22
വർഗ്ഗീസ് ജോസഫ്

ലക്കം 5
27 ജൂലൈ 2026
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
**ആർ. എം. പരമേശ്വരൻ**

ചീഫ് എഡിറ്റർ
**ചിങ്ങന്നൂർ മനോജ്**

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
**കെ. പി. ഹരിദാസ്**

എക്സിക്യൂട്ടിവ് എഡിറ്റർ
**കടവിള ഷാജി**

കോർഡിനേറ്റർ
**പി. സുധാകരൻ**

ജനറൽ മാനേജർ
**സുമ കൊല്ലങ്കോട്**

എഡിറ്റോറിയൽ ബോർഡ്
**എ. എം ഷാജഹാൻ**
**സിയാദ് മാലങ്ങാടൻ**
**വി.പി. ജോർജ്**
**പി.ടി. ജോൺ**
**വർഗ്ഗീസ് ജോസഫ്**
**കൊച്ചുത്രേസ്യാ ജോയി**
**ഷീലാ വേണുഗോപാൽ**
**പി.എം റെജിമോൻ**

അഡ്വൈസറി ബോർഡ് ചെയർമാൻ
**കല്ലംപള്ളി കൃഷ്ണൻ നായർ**

അഡ്വൈസറി ബോർഡ്
**മീര നായർ**
**വി.ടി. നന്ദകുമാർ**
**കായംകുളം യൂനുസ്സ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

ടൈപ്പ് സെറ്റിംഗ്
**മായ. ഡി**

ഇ-മെയിൽ: indianthozhilaly@gmail.com

Follow us on
indianthozhilaly indianthozhilaly





ചീഫ് എഡിറ്റർ എഴുതുന്നു

# ഐ.റ്റി മേഖലയെ രക്ഷിക്കണം

## മുഖ്യമന്ത്രി ഇടപെടണം

യു.എസ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോറോ ഹെൽത്ത് വൻലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. അവരുടെ കോയമ്പത്തൂർ, ഹൈദരാബാദ് പൂനെ തുടങ്ങിയ സ്ഥലങ്ങളിലെ ഓഫീസുകളിൽ ദിനം പ്രതി നിരവധിപേരെ ജോലിക്കെടുത്തുകൊണ്ടിരിക്കുമ്പോൾ കേരളത്തിലെ കൊച്ചി, കോഴിക്കോട് യൂണിറ്റുകളിൽ നിന്നായി 800-ലേറെ പേരെയാണ് പിരിച്ചുവിട്ടത്. എന്തുകൊണ്ടാണ് ഇത്രയേറെ പേരെ ഒറ്റയടിക്ക് പിരിച്ചുവിട്ടത്? കമ്പനി നഷ്ടത്തിലായതാണോ കാരണം? അല്ല, 500 കോടിയോളം രൂപ സി.എസ്.ആർ പദ്ധതികളിൽ ചെലവഴിച്ചതിന് പുരസ്കാരം ലഭിച്ച കമ്പനിയാണ്. നഷ്ടമല്ലെങ്കിൽ പിന്നെ ഇത്രയും കൊടിയ തൊഴിലാളിദ്രോഹ നടപടിക്ക് തയ്യാറായത് എന്തുകൊണ്ട്? ഒറ്റ ഉത്തരമേയുള്ളൂ. കേരളത്തിൽ നൽകുന്നതിനേക്കാൾ കുറഞ്ഞ വേതനത്തിൽ മറ്റു യൂണിറ്റുകളിൽ ജോലികൾ തീർക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. കമ്പനികൾക്ക് ലാഭം കിട്ടിയാൽ അതിനെ അധികലാഭമാക്കി മാറ്റുകയാണല്ലോ പിന്നെയുള്ള ലക്ഷ്യം.

കേന്ദ്രം കൊണ്ടുവന്ന പുതിയ ലേബർ കോഡുകളാണ് ഇവിടെ പ്രധാന വില്ലനായത്. 1947 ലെ വ്യവസായ തർക്ക നിയമം തൊഴിലാളികളുടെ അവകാശ തർക്കങ്ങൾക്കാണ് സംരക്ഷണം നൽകിയിരുന്നതെങ്കിൽ പകരം വന്ന പുതിയ കോഡുകൾ തൊഴിൽ വിപണിക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. അതായത് തൊഴിലാളികളെ ഉടമയ്ക്ക് എളുപ്പത്തിൽ പിരിച്ചുവിടാം. പിരിച്ചുവിടുന്നതിൽ തൊഴിലുടമകൾക്കുള്ള നിയന്ത്രണങ്ങൾ കുറയ്ക്കുന്നതാണ് പുതിയ കോഡുകൾ. 100 പേർ ജോലി ചെയ്യുന്ന ഒരു സ്ഥാപനത്തിൽ കൂട്ടപിരിച്ചുവിടൽ നടത്തണമെങ്കിൽ സർക്കാർ അനുമതി വേണമായിരുന്നു. എന്നാൽ പുതിയ ലേബർ കോഡുകൾ പ്രകാരം കാര്യങ്ങൾ അങ്ങനെയല്ല, 100 എന്നത് 300 ആയി . അതായത് 300 ൽ താഴെ ജീവനക്കാരുള്ള ഒരു സ്ഥാപനത്തിൽ തൊഴിലുടമയ്ക്ക് സർക്കാർ അനുമതിയില്ലാതെ കൂട്ടപിരിച്ചുവിടൽ നടത്താം. എന്നാൽ കേരളത്തിൽ പുതിയ ലേബർ കോഡുകൾ വിജ്ഞാപനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ നിലവിലുള്ള തൊഴിലാളി തർക്ക നിയമം 1947 പ്രകാരമാണ് കാര്യങ്ങൾ നടക്കേണ്ടത്. അതുൾപ്പെടെയുള്ള കാര്യങ്ങളാണ് കോറോ ഹെൽത്തിൽ ലംഘിക്കപ്പെട്ടിരിക്കുന്നതും.

800 ജീവനക്കാരെ പിരിച്ചുവിട്ടെങ്കിലും കമ്പനിയുടെ കൊച്ചിയിലെയും കോഴിക്കോട്ടെയും യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടില്ല. പിരിച്ചുവിടാത്ത ജീവനക്കാർക്ക് എന്നപോലെ പിരിച്ചുവിടപ്പെട്ടവർക്കും ഓഫീസിൽ

Download Copy



**ഇൻഡ്യയിൽ പല സ്ഥലങ്ങളിലും യൂണിറ്റുകളുള്ള കോറോ ഹെൽത്ത് എന്ന യു.എസ് കമ്പനി കേരളത്തിൽ മാത്രം കൂട്ടപിരിച്ചുവിടൽ നടത്തിയത് എന്തു കൊണ്ട്? യൂണിറ്റുകൾ നഷ്ടത്തിലായതുകൊണ്ടല്ല, അവരുടെ ഇൻഡ്യയിലെ ഓഫീസുകളിൽ ഉത്പാദന വർദ്ധനവിലും ലാഭത്തിലും ഒന്നും രണ്ടും സ്ഥാനങ്ങ ളിലുള്ളത് കേരളത്തിലെ യൂണിറ്റുകളാണ്. അവർക്കിഷ്ടപ്പെടാത്തത് ഇവിടുത്തെ തൊഴിൽ സംസ്കാരത്തെയും തൊഴിൽ വകുപ്പിനെയുമാണ്. ലക്ഷ്യംഒന്നു മാത്രം. കേരളത്തിൽ നൽകുന്നതിനേക്കാൾ കുറഞ്ഞ വേതനത്തിൽ ഇവിടുത്തെ ജോലികൾ മറ്റു യൂണിറ്റുകളിൽ ചെയ്തു തീർക്കുക, ഇത് വെച്ചുപൊറുപ്പിക്കാനാവില്ല.**

വരാം, പക്ഷേ പിരിച്ചുവിടപ്പെട്ടവർക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയില്ല. ഡൈനിംഗ്, വാഷ് റൂം തുടങ്ങിയ സൗകര്യങ്ങൾ ഉപയോഗിക്കാൻ അനുവദിക്കും. ജോലി ചെയ്യാൻ അനുവദിച്ചില്ലെങ്കിൽ പിന്നെ ഈ സൗകര്യങ്ങൾ കൊണ്ട് എന്ത് ഫലം? യാതൊരു മുന്നറിയിപ്പും കൂടാതെ ഒരു സുപ്രഭാതത്തിൽ ജോലിയില്ലാ എന്നറിയുമ്പോൾ ഒരു മനുഷ്യനു ണ്ടാകുന്ന നിസ്സഹായവസ്ഥ അത നുഭവിക്കുന്നവർക്കേ മനസ്സിലാകൂ. ഒരു മാസത്തെ ശമ്പളം നഷ്ടപരിഹാ രമായി നൽകുന്നത് കൊലച്ചോറിന് തുല്യമാണ്.

കേരളത്തിലെ ജീവനക്കാരും ജനങ്ങളും അമിതമായ തൊഴിൽ ചൂഷണം പൊറുക്കുന്നവരല്ലെന്ന് കമ്പനി മനസ്സിലാക്കിയതാണ്. ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം. കേരളത്തിലെ തൊഴിൽ വകുപ്പും തൊഴിൽ സംസ്കാരവും കമ്പനികരുതിയതുപോലെയല്ല. അടിമപ്പണിക്ക് എതിരെ ജീവനക്കാർ പ്രതികരിച്ചിരുന്നതും കമ്പനിയെ പ്രകോപിപ്പിച്ചു.

2024 സെപ്റ്റംബറിലാണ് കോഴിക്കോട് ഓഫീസ് തുടങ്ങിയത്. രാവിലെ ഏഴിന് തുടങ്ങുന്ന ജോലി രാത്രി ഒമ്പത് വരെ തുടരുമായിരുന്നു തൊഴിൽവകുപ്പ് ഇടപെട്ടതോടെ അത് എട്ട് മുതൽ രാത്രി ഏഴ് വരെ യാക്കി. മാസത്തിൽ ഒരു സിക്ക് ലീവ് ഉൾപ്പെടെ രണ്ട് ലീവാണ് അനുവദി ച്ചിരുന്നത് രണ്ട് ലീവും എടുത്താ ലുടൻ മികച്ച പ്രകടനത്തിന് എ ഗ്രഡ് ലഭിച്ചിട്ടുള്ളവരെ സി ഗ്രേഡിലേക്ക് തരംതാഴ്ത്തും.

പ്രസവാവധി, അസുഖം കാരണ മുള്ള അവധി എന്നിവയെടുത്താൽ ഗ്രേഡ് സിയും കടന്ന് ഡി യിലേ ക്കോ ഇ യിലേക്കോ പോകും. ശനിയും ഞായറും അവധിയാണെ ങ്കിലും ചില വിഭാഗങ്ങളിൽ ആനു കൂല്യങ്ങളൊന്നും നൽകാതെ ആ ദിവസങ്ങളിലും ജോലിയെടുപ്പിക്കുക പതിവായിരുന്നു. ഇങ്ങനെ കമ്പ നിയുടെ തൊഴിലാളിദ്രോഹം എത്ര പറഞ്ഞാലും തീരുന്നതല്ല.

എല്ലാ മാസവും നടക്കുന്ന ജീവനക്കാരുടെ യോഗത്തിൽ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഉത്പാദനത്തി ലും ഗുണനിലവാരത്തിലും കൊച്ചി, കോഴിക്കോട് ഓഫീസുകൾ എല്ലായ് പ്പോഴും ഒന്ന്, രണ്ട് സ്ഥാനങ്ങളിൽ മാറിമാറി തുടർന്നിരുന്നു. അതായത് നഷ്ടമെന്നു പറഞ്ഞ് പൂട്ടിയത് ഏറ്റവും മികച്ച രണ്ട് ഓഫീസു കളായിരുന്നു.

കൂട്ട പിരിച്ചുവിടലിൽ തൊഴിൽ വകുപ്പ് ഇടപെട്ടതിനെതിരെ ഹൈക്കോടതിയെ സമീപിച്ച കമ്പനിക്ക് വൻ തിരിച്ചടിയാണ് കിട്ടിയത്. ഇടപെടൽ സമവായത്തിന്റെ ഭാഗമാണെന്നും കമ്പനി ചർച്ചയിൽ പങ്കെടുക്കണമെന്നും കോടതി നിർദ്ദേശിച്ചു. ജീവനക്കാരെ തെരുവിൽ നിർത്തി ചർച്ചയാകാം എന്ന നിലപാടുമായാണ് കമ്പനി ഹൈക്കോടതിയെ സമീപിച്ചത്. പുതിയ ലേബർ കോഡ് അനുസരിച്ച് മന്ത്രിതല ചർച്ച വരെ പിരിച്ചുവിടൽ മരവിപ്പിക്കാൻ തൊഴിൽ വകുപ്പിന് അവകാശമില്ലെന്നായിരുന്നു കമ്പനി യുടെ ന്യായവാദം. 800 പേർക്ക് ജോലി നഷ്ടമായ വിഷയത്തിൽ ഇടപെടുക എന്നത് സർക്കാരിന്റെ ധാർമ്മിക ഉത്തരവാദിത്തവും കടമ യുമാണെന്ന് കോടതി ഓർമ്മിപ്പിച്ചു. ഇനിയെങ്കിലും ത്രികക്ഷി ചർച്ചക ളിൽ കമ്പനി പ്രതിനിധികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കാം. അവർ പങ്കെടുത്തില്ലെങ്കിൽ തന്നെ ശക്തമായ നിയമനടപടികളുമായി മുന്നോട്ടു നീങ്ങാൻ സർക്കാരിന് കഴിയും. അങ്ങനെയൊരു ഘട്ടത്തിന്റെ പരിസമാപ്തിയിൽ കമ്പനിക്ക് സർക്കാരിന്റെ കാലു പിടിക്കേണ്ട അവസ്ഥയുണ്ടായാലും അത്ഭുതപ്പെടാനില്ല.

കമ്പനി യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി മനുഷ്യത്വപരമായ നിലപാട് കൈക്കൊണ്ടാൽ ഇപ്പോഴത്തെ പ്രതിസന്ധിക്ക് പരിഹാ രമാകും. അതിനുള്ള സന്മനസ്സ് കമ്പ നിക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ചിങ്ങന്നൂർ മനോജ്

Download Copy

കവർ സ്റ്റോറി

## 'രാഹുലിന്റെ കെണിയിൽ വീണ് മോദി' ധർമ്മേന്ദ്ര പ്രധാൻ രാജിവച്ചു



ആർ. എം പരമേശ്വരൻ



# തീക്കാറ്റായി കോൺഗ്രസ്സ് എല്ലാം നീറ്റായി

- ഒടുവിൽ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ വിദ്യാർത്ഥികൾക്ക് കീഴടങ്ങി രാജിവച്ചു.
- ഒരു സൂചന പോലുമില്ലാതെ രാഹുൽ ഗാന്ധിയും മറ്റ് കോൺഗ്രസ് നേതാക്കളും നിരോധനം ലംഘിച്ച് പ്രധാനമന്ത്രിയുടെ വസതിക്ക് മുമ്പിലെത്തിയപ്പോൾ കേന്ദ്ര സർക്കാരും ബി.ജെ.പിയും ഞെട്ടി.
- രഹസ്യാന്വേഷണ വിഭാഗങ്ങൾ അന്തംവിട്ടു നിന്നു. രാഹുലിന്റെ മാസ്റ്റർ സ്ട്രോക്കിൽ മോദിക്ക് അടി തെറ്റുകയായിരുന്നു. പിന്നെ കണ്ടത് ഒരു സർജിക്കൽ സ്ട്രൈക്ക് . രാഹുലിനെയും പ്രിയങ്കയെയും പോലും പോലീസ് വലിച്ചിഴച്ചു.
- പ്രധാനമന്ത്രിയുടെ തിരുസന്നിധിയിൽ കോൺഗ്രസ് നേതാക്കളുടെ ചോരവീണു. കൃത്യമായി കാത്തിരുന്ന് കൃത്യമായി പ്രഹരമേൽപ്പിക്കാനുള്ള തന്ത്രം രാഹുലിന്റേതായിരുന്നു. പാറ്റകളോട് സഹകരിക്കാതെ മാറിനിന്നതും വിമർശനങ്ങളോട് പ്രതികരിക്കാത്തതുമെല്ലാം ഈ തന്ത്രത്തിന്റെ ഭാഗമായിരുന്നു.



Download Copy





മിന്നൽപ്പിന്നർ പോലെ നടന്ന ഓപ്പറേഷൻ ഇൻഡ്യയെ തുടർന്ന് ഡൽഹിയിലുണ്ടായത് നാടീകീയ നീക്കങ്ങൾ 24 മണിക്കൂറിനിടയിൽ അഞ്ച് തവണ ചർച്ച നടന്നു. ചോദ്യപേപ്പർ ചോർച്ച കേസ്സുകൾ പരിഗണിക്കുന്നതിന് അന്ന് രാത്രി തന്നെ അതിവേഗ കോടതി സ്ഥാപിച്ചു. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി വിനീത് ജോഷിയെ മാറ്റി പകരം നരേഷ് പാലിനെ നിയമിച്ചു. നാഷ്ണൽ ടെസ്റ്റിങ്ങ് എജൻസിയിലെ 47 ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടു.

അതിവേഗ കോടതി വെറും ശ്രദ്ധ തിരിക്കൽ മാത്രമാണെന്ന് കോക്രോച്ച് ജനതാപാർട്ടി പ്രതികരിച്ചു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ സുഹേരിബാഗിലെ വസതിയിൽ നിന്ന് രാഷ്ട്രി പിതാവ് വെടിയേറ്റു മരിച്ച തീസ്ജനവരി മാർഗിലെ സ്മൃതി മണ്ഡപത്തിലേക്ക് അപ്രതീക്ഷിതമായി ഇൻഡ്യാ സഖ്യകക്ഷി നേതാക്കളുടെയും പ്രവർത്തകരുടെയും മാർച്ചിരമ്പി. ബാരിക്കേഡ് വെച്ചും വാഹനങ്ങൾ കുറുകെ വെച്ചും വഴി തടയാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷ എം.പിമാർ ഒന്നാകെ സംഘടിച്ചെത്തിയതിനാൽ പോലീസിന് വഴങ്ങേണ്ടിവന്നു. സ്മൃതി മണ്ഡപത്തിലെത്തിയ നേതാക്കൾ നീറ്റ് പരീക്ഷ മാറ്റിയതിൽ മനംനൊന്ത് ജീവൻ വെടിഞ്ഞ വിദ്യാർത്ഥികൾക്കായി  മെഴുകുതിരികൾ കത്തിച്ച് പ്രാർത്ഥിച്ച് മടങ്ങി. വിദ്യാർത്ഥികൾ ഒറ്റയ്ക്കല്ലെന്നും മുഴുവൻ പ്രതിപക്ഷവും അവർക്കൊപ്പമുണ്ടെന്നും രാഹുൽ ഗാന്ധി പ്രഖ്യാപിച്ചു.

മത്സര പരീക്ഷകളുടെ ചോദ്യ പേപ്പർ ചോർത്തുന്നവരെ പിടികൂടി കടുത്ത ശിക്ഷ നൽകാൻ പുതിയ നിയമം കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അർദ്ധരാത്രിയിൽ പുറപ്പെടുവിച്ച വിഡിയോ സന്ദേശത്തിൽ പറഞ്ഞു. അടുത്ത മാസം തന്നെ ബിൽ കൊണ്ടുവരും.

കോൺഗ്രസ്സ് ജനതാ പാർട്ടി (ബി.ജെ.പി) ആരംഭിച്ച സമരം ഒരു മാസം പിന്നിടുമ്പോഴാണ് ബി.ജെ.പി സർക്കാരിനെ തീർത്തും പ്രതിരോധത്തിലാക്കുന്ന നിർണ്ണായക വഴിത്തിരിവ് ഉണ്ടായിരിക്കുന്നത്. സമരത്തിന് പിന്തുണയുമായി തീക്കാറ്റു പോലെയാണ് കോൺഗ്രസ്സ് രംഗത്തുവന്നത്. പ്രധാനമന്ത്രിയുടെ വസതിക്ക് മുന്നിൽ നടന്ന മൂന്നര മണിക്കൂർ നീണ്ട സത്യഗ്രഹത്തിനൊടുവിൽ പോലീസ് അഴിച്ചുവിട്ട നരനായാട്ടിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ മൂക്കിൽ നിന്ന് ചോര വാർന്നു. വാഹനത്തിന്റെ വാതിൽക്കൽ ബലം പ്രയോഗിച്ചു നിന്ന പ്രിയങ്ക ഗാന്ധിയെയും  ഉന്തിത്തള്ളി പോലീസ് വാഹനത്തിൽ കയറ്റി. പ്രതിഷേധിച്ചതിനാൽ മന്ത്രി പി. സി. വിഷ്ണുനാഥിനെ വഴിയിൽ ഇറക്കിവിട്ടു.

കെ. സി. വേണുഗോപാൽ, രാജ് മോഹൻ ഉണ്ണിത്താൻ, വി. കെ. ശ്രീകണ്ഠൻ, ഡീൻ കുര്യാക്കോസ്, ഷാഫി, പാരമ്പിൽ, ആന്റോ ആന്റണി തുടങ്ങിയ എം.പി മാരെ വലിച്ചിഴച്ചാണ് വണ്ടിയിൽ കയറ്റിയത്. മുഖ്യമന്ത്രി വി. ഡി. സതീശനും സമരത്തിൽ പങ്കുചേർന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇതുപോലൊരു ചരിത്ര സമരം കോൺഗ്രസ്സ് നടത്തിയിട്ടില്ല. ധർമ്മേന്ദ്ര പ്രധാൻ നേരത്തെ രാജിവെച്ചിരുന്നെങ്കിൽ കോൺഗ്രസ്സിന് ഇങ്ങനെയൊരു അസുലഭാവസരം ലഭിക്കില്ലായിരുന്നു. സൂചികൊണ്ട് എടുക്കാൻ കഴിയുമായിരുന്നത് തൂമ്പ കൊണ്ടുപോലും എടുക്കാൻ  കഴിയാത്ത അവസ്ഥയിലാണ് നരേന്ദ്ര മോദി സർക്കാർ.

ബംഗാൾ വിജയം നൽകിയ ആത്മവീര്യത്തിൽ രാഷ്ട്രീയ ' ബുൾഡോസർ ' പ്രയോഗങ്ങൾ ശക്തിപ്പെടുത്തിയ ബി.ജെ.പി ക്ക് ഇത് അപ്രതീക്ഷിത പ്രഹരമാണ്.

അതിനെ മറികടക്കാൻ ഇനി നന്നായി വിയർപ്പൊഴുക്കേണ്ടി വരും. പശ്ചിമ ബംഗാൾ, തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പുകൾക്ക് ശേഷം ദുർബലമായിപ്പോയ 'ഇന്ത്യ' സഖ്യത്തിന് പുതുവീര്യം പകരുന്നതാണ് പുതിയ സംഭവവികാസങ്ങൾ. രാഹുൽ ഗാന്ധി അടക്കമുള്ളവരുടെ അറസ്റ്റിന്റെ അലയൊലിയിൽ പാർലമെന്റ് സമ്മേളനം പോലും നിർത്തിവെച്ചിരിക്കുകയാണ്.

ആക്ഷേപഹാസ്യം എന്ന നിലയിൽ കൊക്രോച്ച് (പാറ്റ) ജനതാ പാർട്ടി തുടങ്ങി വച്ച പ്രക്ഷോഭം വിദേശ രാജ്യങ്ങളിൽ നടന്ന ന്യൂജെൻ പ്രക്ഷോഭത്തിന്റെ തനിയാവർത്തനമാണ്. സിവിൽ സർവീസ് പരീക്ഷയിൽ പോലും ചോദ്യപേപ്പർ ചോർത്തൽ ഭീഷണി നേരിടുന്ന ഇന്ത്യയിൽ സാമൂഹിക മാധ്യമ മുന്നേറ്റത്തിന് യുവാക്കളുടെ പിന്തുണ ലഭിക്കുന്നതിൽ അതിശയം തോന്നേണ്ട കാര്യമില്ല.

പ്രധാനമന്ത്രി നരേന്ദ്രമോദി പാറ്റകളെ പേടിച്ച് ഇപ്പോൾ പുറത്തിറങ്ങാറില്ല. ഊണിലും ഉറക്കത്തിലുമൊക്കെ അദ്ദേഹം പാറ്റകളെ സ്വപ്നം കണ്ട് നടുങ്ങുന്നു. പാറ്റകളും ഒരു ഭീകരജീവിയായോ?

‘ന്യൂഡൽഹിയിലെ ജന്തർ മന്ദിറിൽ ഇതേ കാഴ്ച നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു. സാമൂഹിക മാധ്യമ മുന്നേറ്റമായി തുടങ്ങിയ കൊക്രോച്ച് (പാറ്റ) ജനതാ പാർട്ടിയുടെ (ബി.ജെ.പി) ആദ്യ പ്രത്യക്ഷ സമരത്തിൽ ആയിരങ്ങൾ അണിനിരന്നുകൊണ്ടിരിക്കുന്നു. ഓൺലൈൻ ആഹ്വാനപ്രകാരം എത്തിയ യുവജനങ്ങളുടെ രോഷം ആർത്തിരമ്പുകയാണ്. പൂക്കളും ദേശീയ പതാകകളുമേന്തിയാണ് സമരം.

Download Copy




നീറ്റ് ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് ആത്മഹത്യ ചെയ്ത ഉത്തരഖണ്ഡിലെ റിയ കുമാരിയുടെ പിതാവും കാർഗിൽ യുദ്ധ പോരാളിയുമായ മുൻ സൈനികൻ രാജേഷ് ധാപ്പയും സമരത്തിന് പിന്തുണയുമായെത്തി. വിദ്യാഭ്യാസ സമ്പ്രദായത്തിലെ പിഴവാണ് മകളുടെ മരണകാരണമെന്ന് ഥാപ്പ പറഞ്ഞു. മറ്റൊരു കുടുംബത്തിനും ഈ ദുര്യോഗം ഉണ്ടാകാതിരിക്കാനാണ് ഇവിടെയെത്തിയതെന്നും അദ്ദേഹം പറഞ്ഞു.

സമരത്തെ പിന്തുണച്ച് വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരും ചെറുസംഘടനകളും എത്തുന്നുണ്ട്. ഇടത് വിദ്യാർത്ഥി സംഘടനയായ ഐസയുടെ (അകടഅ) ആറ് നേതാക്കളും തൊട്ടടുത്തുള്ള സമരവേദിയിൽ നിരാഹാരസമരം തുടരുന്നുണ്ട്. വിവിധ കർഷക സംഘടനകളും സജീവമായി സമരരംഗത്താണ്. ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്ന് ജന്തർ മന്ദിറിലേക്ക് വരാനിരുന്ന ഒട്ടേറെ കർഷകരെ സർക്കാർ വീട്ടുതടങ്കലിലാക്കിയെന്ന് റിപ്പോർട്ടുകളുണ്ട്.

വിദ്യാഭ്യാസ മാഫിയയുടെ കൊള്ള അർബുദബാധപോലെ പടരുന്നതിനെതിരെയാണ് ഇന്ത്യയിൽ പുതിയ പ്രതിക്ഷേധം രൂപപ്പെട്ടിരിക്കുന്നത്. നേപ്പാൾ, ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയ അയൽരാജ്യങ്ങളിലും വിദേശ രാജ്യങ്ങളിലും യുവാക്കൾ തെരുവിലിറങ്ങി സൃഷ്ടിച്ച ഇടപെടലുകളുടെ തനിയാവർത്തനം തന്നെയാണ് ഡൽഹിയിലും അരങ്ങേറുന്നത്. ജന്തർ മന്ദിറിൽ സമരം ചെയ്യുന്ന കൊക്രോച്ച് ജനതാ പാർട്ടി ഒരു രാഷ്ട്രീയ പാർട്ടി എന്നതിനെക്കാളുപരി സാമൂഹ്യ മാധ്യമ കൂട്ടായ്മയാണെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂട.

2014 മുതൽ 2024 വരെ 66 പ്രധാന പരീക്ഷകളുടെ ചോദ്യക്കടലാസുകൾ ചോർന്നെന്നാണ് കണക്ക്. സിവിൽ സർവീസ് പരീക്ഷ പോലും ചോർത്തൽ ഭീഷണിയിലാണ്. സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ മൂല്യനിർണ്ണയ പിഴവുകൾ കൂനിന്മൽ കുരുവായി ഇതിനൊക്കെ പുറമെയാണ് തൊഴിലില്ലായ്മ പെരുകുമ്പോൾത്തന്നെ തൊഴിലുറപ്പ് നൽകി എന്ന പ്രഖ്യാപനവും വിലക്കയറ്റമുയരുമ്പോൾതന്നെ വില നിയന്ത്രിച്ചെന്ന അവകാശവാദവും യുവാക്കളിൽ സൃഷ്ടിക്കുന്ന നിരാശ. ഇത്തരം വിഷയങ്ങളിൽ പ്രതിഷേധിക്കാൻ ഒരവസരം കാത്തിരിക്കുമ്പോഴാണ് കൊക്രോച്ച് ജനതാ പാർട്ടി എന്ന സാമൂഹിക മാധ്യമ ഇടപെടലുണ്ടായത്. യുവാക്കളെ പാറ്റകളുമായി ഉപമിച്ചെന്ന ആക്ഷേപത്തെ അടിസ്ഥാനമാക്കി കൊക്രോച്ച് ജനതാ പാർട്ടി എന്ന ഓൺലൈൻ വേദി അപ്രതീക്ഷിതമായി രൂപപ്പെട്ടപ്പോൾ അതൊരു പുതിയ സമരമാർഗ്ഗമായി. ആക്ഷേപഹാസ്യം എന്ന രീതിയിൽ തുടങ്ങിയ പ്രചാരണം സംഘാടകനായ അഭിജിത്തിനെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് പിന്തുണച്ച് പെരുകി അഭിജിത്ത് പൊടുന്നനെ യുവപ്രതിഷേധങ്ങളുടെ നേതാവായി. ഇതാണ് ഇതുവരെ സംഭവിച്ചത്.

ഭാവി പ്രതീക്ഷകളായ യുവാക്കളെയും വിദ്യാർത്ഥികളെയും കേൾക്കാതെ ഭരണകൂടങ്ങൾക്ക് മുന്നോട്ട് നീങ്ങാനാവില്ല. 'ഒരു രാഷ്ട്രീയക്കാരൻ അടുത്ത തെരഞ്ഞെടുപ്പിനെക്കുറിച്ച് ചിന്തിക്കുന്നു, ഒരു രാഷ്ട്രതന്ത്രജ്ഞൻ അടുത്ത തലമുറയെക്കുറിച്ച് ചിന്തിക്കുന്നു' എന്ന് അമേരിക്കൻ ചിന്തകൻ ജെയിംസ് ഫ്രീമാൻ ക്ലാർക്ക് പറഞ്ഞതാണ് സത്യം. ഇതിൽ ഏത് വേണമെന്ന് ഭരണാധികാരികൾക്ക് തീരുമാനിക്കാം.




Download Copy

## വൻ സൈബർ ആക്രമണം






# വിസ്മയ ജ്വാലയായി തുറന്നടിച്ചു

മാലതി മേനോൻ

ഡൽഹി ജവാഹർലാൽ നെഹ്റു സർവകലാശാലയിൽ (ഖചഡ) നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭ ത്തിന് സാമൂഹിക മാധ്യമങ്ങളിലൂടെ പിന്തുണ പ്രഖ്യാപിച്ചതിന് പിന്നാലെ നടൻ മോഹൻലാലിന്റെ മകളും നടിയുമായ വിസ്മയ മോഹൻലാലിന് നേരെ കടുത്ത സൈബർ ആക്രമണം. സമരം ചെയ്ത വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ പോലീസ് അതിക്രമത്തെ ചോദ്യം ചെയ്ത് വിസ്മയ ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച കുറിപ്പാണ് ഒരു വിഭാഗത്തെ ചൊടിപ്പിച്ചത്.

സംഘപരിവാർ, ബി.ജെ.പി അനുഭാവിക ളുടെ പ്രൊഫൈലുകളിൽ നിന്നാണ് വിസ്മ യക്കെതിരെ അധിക്ഷേപവും ഭീഷണികളും ഉയരുന്നത്. വിസ്മയയുടെ അരങ്ങേറ്റ ചിത്രം 'തുടക്കം' ഉൾപ്പെടെയുള്ള സിനിമകൾ ബഹിഷ്കരിക്കുമെന്നും ഭീഷണിയുണ്ട്. വിസ്മയക്കൊപ്പം മോഹൻലാലിനെ തിരെയും ആക്രമണമുണ്ട്.

വിസ്മയയുടെ വാക്കുകൾ:'പ്രതിഷേധിക്കു ന്നവരോട് നിങ്ങൾ യോജിക്കണമെന്നില്ല. അവരുടെ ആവശ്യങ്ങളെ നിങ്ങൾ പിന്തുണയ്ക്കണമെന്നുമില്ല. എന്നാൽ പൗരന്മാർ ശബ്ദമുയർത്തുന്നതിന് നേർക്കുള്ള അതിക്രമവും അമിതമായ ബലപ്രയോഗവും അവർ ഏതുതരത്തിലുള്ള ജനാധിപത്യത്തെയാണ് മുന്നോട്ടുവെക്കുന്ന തെന്ന് നമ്മൾ ഓർക്കുകയും ചോദിക്കുകയും വേണം. എന്റെ ചോദ്യം ലളിതമാണ്: ഒരു ജനാധിപത്യ സമൂഹം ഇങ്ങനെ യൊക്കെയാണോ പെരുമാറേണ്ടതെന്ന് നിങ്ങൾ ശരിക്കും വിശ്വസിക്കുന്നുണ്ടോ?'

Download Copy

അയോധ്യയിൽ സ്വർണ്ണം കട്ടവൻ ആരപ്പാ?

- അയോധ്യയുമായി താരതമ്യം ചെയ്യുമ്പോൾ ശബരിമലയിലെ സ്വർണ്ണക്കൊള്ള ഒന്നുമല്ല
- പണം നഷ്ടപ്പെട്ടതിലല്ല, നഷ്ടപ്പെട്ടെന്ന രഹസ്യം ചോർന്നതിലാണ് നേതാക്കൾക്ക് അങ്കലാപ്പ്
- പണാപഹരണത്തിലൂടെ ചോർന്നത് വിശ്വാസതകർച്ച ഇതിന് പിന്നിൽ മോദി - യോഗി വൈരമെന്ന് അഭ്യൂഹം

# ബി ജെ പിയിൽ നിന്ന് ശ്രീരാമനെ രക്ഷിക്കാൻ പ്രക്ഷോഭം വരുന്നു

പ്രത്യേക ലേഖകൻ, ഡൽഹി





Download Copy



Download Copy

കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയെ അടപടലം തകർത്ത ഒരു മുദ്രാവാക്യമുണ്ടായിരുന്നു – 'ശബരിമലയിലെ സ്വർണ്ണം കട്ടവനാരപ്പാ.' ലോക്‌സഭാ തിരഞ്ഞെടുപ്പ് പടിവാതിലിൽ എത്തുംമുമ്പായി മുഴങ്ങി കേൾക്കുന്നതും ഇതുപോലൊരു മുദ്രാവാക്യമായിരിക്കും. അയോധ്യയിലെ സ്വർണ്ണവും വെള്ളിയും മറ്റു സംഭാവനകളും കട്ടവനാരപ്പാ. രണ്ട് മുദ്രാവാക്യങ്ങളും ജനങ്ങൾക്കു നേരെയുള്ള ചോദ്യങ്ങളുമാണ്. ജനങ്ങൾ അവയ്ക്കുള്ള കൃത്യമായ മറുപടിയും നൽകിക്കൊണ്ടിരിക്കുന്നു. പിണറായി വിജയൻ പടിയിറങ്ങിയതുപോലെ തന്നെ നരേന്ദ്ര മോദിയും പടിയിറങ്ങുമെന്ന കാര്യത്തിൽ സംശയം വേണ്ട.

അയോധ്യയിലെ രാമക്ഷേത്രത്തിലെ ഭണ്ഡാരങ്ങളിൽ കോടിക്കണക്കിന് ഭക്തജനങ്ങൾ അർപ്പിച്ച കാണിക്ക പണവും സ്വർണ്ണവും വെള്ളിയും ഏത് വഴിക്ക് പോയെന്നാണ് ചോദ്യം. ഇതുവരെ എട്ടു പേരെ അറസ്റ്റ് ചെയ്തു. അവരിൽ നിന്ന് 80 ലക്ഷം രൂപയും കണ്ടെടുത്തു. സിസിടിവി ദൃശ്യങ്ങളിൽ നിന്ന് മോഷ്ടാക്കൾ ആരൊക്കെയാണെന്ന് ഏതാണ്ട് തെളിയുകയും ചെയ്തു. അയോധ്യയിലെ കൊള്ള പരിശോധിച്ചാൽ ശബരിമലയിലെ സ്വർണ്ണമോഷണം ഒന്നുമല്ലെന്ന് വേണം പറയാൻ. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രത്യേക സംഘത്തെ അന്വേഷണത്തിന് നിയോഗിച്ചുകഴിഞ്ഞു.

പണം മാത്രമല്ല, പണം നഷ്ടപ്പെടുന്ന രഹസ്യവും ചോർന്നതിന്റെ അങ്കലാപ്പിലാണ് നേതാക്കൾ. പാളയത്തിൽ തന്നെയാണ് പട എന്ന തിരിച്ചറിവാണ് അവരെ ഏറെ അലട്ടുന്നത്. യു.പിയിലെ നിയമസഭാ തിരഞ്ഞെടുപ്പിലും ഇതിനേക്കാൾ നല്ലൊരു പ്രചരണായുധം പ്രതിപക്ഷത്തിന് കിട്ടാനില്ലെന്നും അവർക്കറിയാം. വിഷയം കൈവിട്ടുപോകുമോ എന്ന ആശങ്കയിലാണ് അഖിലേന്ത്യാ ബി.ജെ.പി നേതൃത്വം.

അയോധ്യയിലെ ശ്രീരാമക്ഷേത്രം ഒരു സാധാരണ ഹൈന്ദവക്ഷേത്രം പോലെയല്ല. വിശ്വാസപ്രമാണങ്ങൾക്കും ഭക്തിക്കുമപ്പുറം ഒരു രാഷ്ട്രീയ അടിത്തറയും അതിനുണ്ട്. അവിടത്തെ ശ്രീരാമൻ ബി.ജെ.പി യുടെ തുറുപ്പു ചീട്ടാണ്. അതിനെ മുൻനിർത്തിയാണ് 1992 ൽ മുൻ ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനി രഥയാത്ര തുടങ്ങിയത്.

ആ യാത്രയ്ക്കൊടുവിൽ ബി.ജെ.പി ഇൻഡ്യയിൽ അധികാരത്തിൽ വന്നു. രണ്ടായിരമാണ്ടിലേക്ക് കടന്നപ്പോൾ വാജ്‌പേയിയും അദ്വാനിയും ഡോ: മുരളി മനോഹർ ജോഷിയുമെല്ലാം നരേന്ദ്ര മോദിക്ക് വേണ്ടി പിൻവാങ്ങിക്കൊടുത്തു. 2020 ൽ മോദിയാണ് അയോധ്യയിൽ പ്രാണപ്രതിഷ്ഠ നടത്തിയത്. പിന്നീട് യജമാനനായി പുതിയ ക്ഷേത്രം ഭക്തജനങ്ങൾക്കായി തുറന്നു കൊടുത്തതും അദ്ദേഹം തന്നെ.

രാഷ്ട്രീയത്തിനപ്പുറം ഭക്തിയാണ് വിശ്വാസസമൂഹത്തെ അയോധ്യയിലെത്തിക്കുന്നത്. അവർ കൈയിലുള്ളതെല്ലാം കാണിക്കയായി സമർപ്പിക്കുന്നു പട്ടിണിപാവങ്ങളുടെ നാണയത്തുട്ടു മുതൽ പണക്കാരന്റെ കോടികൾ വരെ അതിലുമുണ്ട്. അത് കൊള്ളയടിക്കപ്പെടുമ്പോൾ പണാപഹരണത്തിനപ്പുറം വിശ്വാസ ചോർച്ചയാണ് സംഭവിക്കുന്നത്. ഒരു ധാർമ്മിക പ്രശ്നമായി അത് മാറുന്നു.

കൊള്ളയ്ക്ക് സ്ഥിരീകരണവുമായി പ്രധാനമന്ത്രിയുടെ വിശ്വസ്തനും മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും രാമജന്മഭൂമി ക്ഷേത്ര നിർമ്മാണ സമിതി ചെയർമാനുമായ നൃപേന്ദ്ര മിശ്ര ടെലിവിഷൻ ചാനലുകളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ രാജ്യം ഞെട്ടി. വൻതോതിൽ വെട്ടിപ്പ് നടന്നെന്നും സംഘപരിവാർ ബന്ധുത്വം എന്ന ഒറ്റ മാനദണ്ഡം ഉപയോഗിച്ച് ജീവനക്കാരായവരാണ് അത് നടത്തിയതെന്നും അദ്ദേഹം തുറന്നടിച്ചു. ക്ഷേത്രത്തിന്റെ ദൈനംദിനം നടത്തിപ്പിന്റെ ചുമതല വഹിക്കുന്ന ട്രസ്റ്റിന് നേരെയാണ് മിശ്ര ആരോപണങ്ങൾ ചൊരിഞ്ഞത്.

2024 ന് ശേഷം ജീവനക്കാരിൽ പലരുടെയും ആസ്തി പല മടങ്ങ് വർദ്ധിച്ചതായാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നത്. ഇവരിൽ പലരും അറസ്റ്റിലായിട്ടുണ്ടെങ്കിലും വൻ സ്രാവുകൾ നീന്തൽ തുടരുകയാണ്. നിയമസഭാ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെ സ്വന്തം ക്യാമ്പിൽ നിന്ന് തന്നെ ഭീമമായ ഒരു കുംഭകോണത്തിന്റെ കഥ പുറത്തുവന്നതിൽ പല വ്യാഖ്യാനങ്ങളുമുണ്ട് വർഷങ്ങളായി നീറിപുകയുന്ന മോദി–യോഗി വൈരമാണ് ഇതിന് പിന്നിലുള്ളതെന്ന് സംശയിക്കുന്നവരും കുറവല്ല. പുറമെ കെട്ടിപ്പിടിക്കുകയും ഉദ്യാനത്തിൽ ഉലാത്തുകയും ചെയ്യുമെങ്കിലും അകമെ ഇരുവരും ബദ്ധവൈരികളാണെന്ന് ബി.ജെ.പി രാഷ്ട്രീയം വായിക്കുന്നവർക്ക് അറിയാം.

സി.പി.എം സി.പി.ഐ അഭിമാനപ്പോര് രൂക്ഷം



പി സുധാകരൻ

# ഇടതുമുന്നണിക്ക് യോഗം ചേരാൻ പോലും കഴിയുന്നില്ല

- പ്രതിപക്ഷ ഉപനേതൃ പദവി നേടിയെടുക്കാൻ സി.പി.ഐ ഏതറ്റം വരെയും പോകും
- അതെല്ലാം അടഞ്ഞ അധ്യായമെന്ന് പിണറായിയും
- എം.വി. ഗോവിന്ദനും സി.പി.എമ്മിൽ ഉൾപ്പോര് കനക്കുന്നു
- വിഴിഞ്ഞം പി. എം ശ്രീ വിഷയങ്ങളിൽ രണ്ടു പാർട്ടികളും രണ്ട് തട്ടിൽ



Download Copy



യു.ഡി.എഫ് അധികാരമേറ്റ് രണ്ടാം മാസം പൂർത്തിയാകാറായിട്ടും ഇടതുമുന്നണിക്ക് യോഗം ചേരാൻ പോലും കഴിഞ്ഞിട്ടില്ല. ഉഭയകക്ഷി തർക്കങ്ങൾ അത്രയ്ക്കും രൂക്ഷമാണ്. പ്രതിപക്ഷ ഉപനേതൃ പദവി തന്നെയാണ് മുഖ്യതർക്കം. ഇക്കാര്യത്തിൽ സി.പി.ഐയെ പരസ്യമായി അവഹേളിച്ച പിണറായി വിജയന് പരസ്യമായിത്തന്നെ മറുപടി നൽകിയ ആശ്വാസത്തിലാണ് സി.പി.ഐ. മുന്നണിക്കുള്ളിലെ പൊട്ടിത്തെറികൾ അഭിമാനപ്പോരട്ടത്തിലേക്ക് നീങ്ങുകയാണ്. ഈ പോരാട്ടം കാരണം മുന്നണിയോഗമോ എൽ.ഡി.എഫ് പാർലമെന്ററി പാർട്ടി യോഗമോ നടന്നില്ല. സി.പി.എമ്മിന്റെ സമീപനത്തിൽ അസംതൃപ്തരായി ഘടകകക്ഷികളും അസ്വസ്ഥരായി മാറിനിൽക്കുകയാണ്.

പ്രതിപക്ഷ നേതൃ പദവി മാത്രമല്ല, ഉപനേതൃ പദവിയും സി.പി.എമ്മിന് അവകാശപ്പെട്ടതാണെന്ന പിണറായിയുടെ പ്രസ്താവനയാണ് സി.പി.ഐയെ ഇപ്പോൾ ചൊടിപ്പിച്ചിരിക്കുന്നത്. ഉപനേതൃപദവി വേണമെന്ന ആവശ്യത്തിൽ നിന്നും പിന്നോക്കം പോകുന്ന പ്രശ്നമില്ലെന്ന് സി.പി.ഐ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. സി.പി.ഐ പറഞ്ഞതു കേട്ടിരുന്നെങ്കിൽ ഇടതുപക്ഷത്തിന് ഇപ്പോഴത്തെ ദയനീയാവസ്ഥ ഉണ്ടാകുമായിരുന്നില്ലെന്ന് കൂടി പാർട്ടി സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി പി.പി. സുനീർ പറഞ്ഞത് ഇടതു കേന്ദ്രങ്ങളെത്തന്നെ ഞെട്ടിച്ചു. ഏകപക്ഷീയമായ നിലപാടുകൾ വെച്ചുപൊറുപ്പിക്കില്ലെന്നും സുനീർ പ്രഖ്യാപിച്ചു.

സി.പി.ഐ കടും പിടുത്തം പിടിച്ചാൽ പിണറായിക്കും എം.വി. ഗോവിന്ദനും വഴങ്ങാതിരിക്കാനാവില്ല. അത്രയ്ക്ക് ദുർബലമാണ് പാർട്ടിക്കുള്ളിൽ അവരുടെ അവസ്ഥ. രണ്ടുപേർക്കുമെതിരെ ഉൾപ്പോര് ശക്തമാണ്. ജനറൽ സെക്രട്ടറി എം.എ. ബേബി ഉൾപ്പെടെയുള്ളവർ സ്ഥിതിവിശേഷങ്ങൾ വീക്ഷിക്കുന്നതല്ലാതെ എന്തെങ്കിലും നടപടിക്ക് മുതിരുന്നില്ല. ബേബിയുടെ ആശീർ വാദത്തോടെ പാർട്ടിയിൽ പുതിയൊരു ചേരി ഉരുത്തിരിഞ്ഞു വന്നാലും അതിശയിക്കാനില്ല.

പിണറായിയും ഗോവിന്ദനും കൂടി പാർട്ടിയെ ബംഗാളിലെ അവസ്ഥയിലേക്ക് അതിവേഗം മാറ്റിക്കൊണ്ടിരിക്കുകയാണെന്ന് വിശ്വസിക്കുന്നവരാണ് അണികളിലധികവും. സി.പി.ഐയുടെയും മറ്റ് ഘടകകക്ഷികളുടെയും വിശ്വാസവും അതുതന്നെയാണ്. ഇടതുമുന്നണി ഇത്രയും ദുർബലമായ അവസ്ഥ മുൻപൊരിക്കലും ഉണ്ടായിട്ടില്ലെന്നും അവർ വിശ്വസിക്കുന്നു. മുന്നണിയെ രക്ഷിക്കാൻ രണ്ടും കല്പിച്ചുള്ള നിലപാടുകളുമായി മുന്നോട്ട് പോകണമെന്നാണ് ഘടകകക്ഷികളുടെ അഭിപ്രായം. ഒരു പൊട്ടിത്തെറിയുണ്ടായാലും പേടിക്കാനൊന്നുമില്ല. നഷ്ടപ്പെടാൻ ഒന്നുമില്ലല്ലോ. ഭരണ മുണ്ടെങ്കിലല്ലേ വേവലാതിപ്പെടേണ്ടതുള്ളൂ.

മദ്യനയം, വിഴിഞ്ഞം തുടങ്ങി സർക്കാരിനെതിരെ ഒട്ടേറെ വിഷയങ്ങൾ ഉണ്ടായിട്ടും ശക്തമായി പ്രതികരിക്കാൻ പോലും മുന്നണിക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല നിയമസഭാ സമ്മേളന കാലത്ത് എൽ.ഡി.എഫ് പാർലമെന്ററി പാർട്ടി യോഗം പോലും വിളിക്കാനായില്ല. തെരഞ്ഞെടുപ്പ് പരാജയം സംബന്ധിച്ച് മുന്നണിതലത്തിലെ അവലോകനവും അനിശ്ചിതത്വത്തിലാണ്.

പ്രതിപക്ഷ ഉപനേതൃപദവിയുടെ കാര്യത്തിൽ കർക്കശമായ നിലപാട് സ്വീകരിക്കാൻ യോഗം ബിനോയ് വിശ്വത്തെ ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ ഇതുവരെ അനുവർത്തിച്ച അനുനയം ഇനി അവർ ആവർത്തിക്കാനിടയില്ല.

Download Copy

ആർ. ചന്ദ്രശേഖരനെ രക്ഷിക്കാൻ

# സർക്കാർ ജുഡീഷ്യറിയെ കരിവാരി തേയ്ച്ചു

# ഹൈക്കോടതി



എ എം ഷാജഹാൻ




കശുവണ്ടി അഴിമതിക്കേസിൽ പ്രോസിക്യൂഷൻ അനുമതി ഉത്തരവിലെ അപാകത പരിഹരിക്കാൻ സെക്രട്ടറിയേറ്റിന് മുന്നിൽ ആർ എം പരമേശ്വരൻ നടത്തിയ ഉപവാസം ചാല സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു

**കോടതിയുടെ നിഗമനങ്ങൾ പ്രോസിക്യൂഷന് അനുമതിക്കായുള്ള അപേക്ഷയിൽ തീരുമാനമെടുക്കാനാണ് കോടതി നിർദ്ദേശിച്ചത്. അല്ലാതെ അനുമതി നൽകാനുള്ള കോടതി ഉത്തരവായിരുന്നില്ല അത്. പ്രതികളെ രക്ഷിക്കാനായിരുന്നു ഈ ദുർവ്യാഖ്യാനം.**

**കോടതി പറയാത്ത കാര്യം ഉൾപ്പെടുത്തി ഉത്തരവിറക്കിയ ഗവൺമെന്റ് സെക്രട്ടറി കെ. ബിജുവിനെതിരെ കോടതിയലക്ഷ്യ നടപടി.**

**അനുമതി ഉത്തരവ് പ്രതിക്ക് നൽകിയത് എന്തിന്? ആ ഉത്തരവിട്ടവരുടെ ഉദ്ദേശം കൃത്യമായി നടന്നു.**



Download Copy




കശുവണ്ടി വികസന കോർപ്പറേഷൻ അഴിമതിക്കേസിലെ പ്രതികളെ സഹായിക്കാൻ സർക്കാർ ജുഡീഷ്യറിയെ കരിവാരിതേച്ചതായി ഹൈക്കോടതി. പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയത് ഹൈക്കോടതി നിർദ്ദേശ പ്രകാരമാണെന്ന ഉത്തരവാണ് കോടതിയെ ചൊടിപ്പിച്ചത്. പ്രോസിക്യൂഷൻ അനുമതി നൽകാൻ എപ്പോഴാണ് ഉത്തരവിട്ടതെന്ന് ഹൈക്കോടതി ചോദിച്ചു. പ്രോസിക്യൂഷൻ അനുമതിക്കായുള്ള അപേക്ഷയിൽ ഉചിതമായ തീരുമാനം എടുക്കാനാണ് നിർദ്ദേശിച്ചത്. എന്നാൽ സർക്കാർ ഇറക്കിയ ഉത്തരവിൽ കോടതി നിർദ്ദേശപ്രകാരമാണ് അനുമതി നൽകുന്നതെന്ന് കൂട്ടിച്ചേർത്തു. ഇത് പ്രതികളെ സഹായിക്കാനാണെന്ന് കോടതി കുറ്റപ്പെടുത്തി.

കോടതിയെ കരുവാക്കി പ്രോസിക്യൂഷൻ അനുമതി ഉത്തരവിറക്കിയ ഉദ്യോഗസ്ഥർ ജോലിയിൽ തുടരാൻ യോഗ്യരല്ലെന്ന് ഹൈക്കോടതി പറഞ്ഞു. അനുമതി ഉത്തരവ് പ്രതിക്ക് നൽകിയത് എന്തിനെന്ന് കോടതി ചോദിച്ചു. ആ ഉത്തരവുമായി പ്രതി കോടതിക്കെതിരെ വാർത്താ സമ്മേളനം നടത്തി. ഉത്തരവ് മാധ്യമങ്ങൾക്ക് കിട്ടിയ ശേഷമാണ് പിൻവലിച്ചത്. അത്തരം ഒരു ഉത്തരവിറക്കിയതിന്റെ ഉദ്ദേശം കൃത്യമായി നടന്നെന്ന് കോടതി പറഞ്ഞു.'

അവനവൻ കുരുക്കുന്ന കുരുക്കഴിച്ചെടുക്കുമ്പോൾ ഗുലുമാൽ' എന്ന് പറയുന്നതുപോലെയാണ് ഒടുവിൽ ഇറക്കിയ ഉത്തരവെന്നും കോടതി ചൂണ്ടിക്കാട്ടി. പ്രോസിക്യൂഷൻ അനുമതി ഉത്തരവ് പുറത്തുവിട്ടത് കോടതിയലക്ഷ്യമാണ് നീതിന്യായ വ്യവസ്ഥയ്ക്ക് നേരെയുള്ള കടന്നാക്രമണമാണ് ഉണ്ടായത്. ഇത് അനാവശ്യവും അപകടകരവുമായ സമീപനമാണ്. മുൻ സർക്കാരിനേക്കാൾ മോശമായ നിലപാടാണ് ഇപ്പോഴത്തെ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായതെന്നും കോടതി കുറ്റപ്പെടുത്തി. കോടതി പറയാത്ത കാര്യം ഉൾപ്പെടുത്തി ഉത്തരവിറക്കിയ കശുവണ്ടി വകുപ്പ് സെക്രട്ടറി കെ. ബിജുവിനെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിക്കും. ബിജു ജൂലൈ 10 ന് ഹാജരാകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ 600 കോടി രൂപയുടെ അഴിമതി നടന്നു എന്നാണ്  കേസ്. കശുവണ്ടി വികസന കോർപ്പറേഷൻ മുൻ ചെയർമാനും ഐ.എൻ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റുമായ ആർ. ചന്ദ്രശേഖരനും കോർപ്പറേഷൻ മുൻ എം.ഡി കെ.എ രതീഷുമാണ് മുഖ്യപ്രതികൾ. ഇവരെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാർ അനുമതി നൽകാത്തത്  ചോദ്യം ചെയ്ത് കൊല്ലം സ്വദേശി കടകംപള്ളി മനോജ് ആണ് കോടതിയെ സമീപിച്ചത്.

കോടതി ഇടപെട്ടിട്ടും അപേക്ഷയിൽ  തീരുമാനമെടുക്കാതിരുന്നതിന് 2025 ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന എ. പി. എം മുഹമ്മദ് ഹനീഷിന് എതിരെ കോടതിയലക്ഷ്യ നടപടിക്ക് ഒരുങ്ങിയിരുന്നു. തുടർന്ന് ഈ മാസം രണ്ടിനാണ് കോടതി  നിർബന്ധിച്ചതുപ്രകാരം അനുമതി നൽകുന്നുവെന്ന്  സർക്കാർ ഉത്തരവിറക്കിയത്. ഉത്തരവിലെ അപകടം മനസ്സിലാക്കി അഡ്വക്കേറ്റ് ജനറൽ ഇടപെട്ടതിനെ തുടർന്ന് ആദ്യ ഉത്തരവ് പിൻവലിച്ച് തിങ്കളാഴ്ച പുതിയ ഉത്തരവ് ഇറക്കുകയായിരുന്നു.  എന്നാൽ അതിനകം ആദ്യ ഉത്തരവ്  ഉയർത്തിക്കാട്ടി പ്രതികൾ രാഷ്ട്രീയ പ്രതിരോധം തീർക്കാൻ ശ്രമിക്കുകയും ചെയ്തു. ഇതോടെയാണ് കോടതിയി രൂക്ഷ വിമർശനം ഉയർത്തിയത്.

തൊഴിലാളികൾക്ക് ലയവും സ്ഥലവും
സ്വന്തമായി. പിന്നെ സ്കൂളും



കെ. കെ നായർ

# പൊന്മുടി നാഥൻ പരമേശ്വരൻ

മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ 96 ലയങ്ങളുടെയും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെയും ഉടമസ്ഥാവകാശം അതാത് കുടുംബങ്ങൾക്ക് നൽകാനുള്ള കോടതിവിധിക്ക് പിന്നിൽ യൂണിയൻ പ്രസിഡന്റ് ആർ. എം. പരമേശ്വരന്റെ കഠിനാധ്വാനവും ദീർഘദൃഷ്ടിയുമാണെന്ന് തൊഴിലാളികൾ ഒന്നടങ്കം പറയുന്നു. സ്ഥലത്ത് സ്കൂൾ അനുവദിച്ചതും അദ്ദേഹത്തിന്റെ ശ്രമഫലമായാണെന്ന് അവർ വിശ്വസിക്കുന്നു. അദ്ദേഹം ഇപ്പോൾ അവരുടെ യൂണിയൻ നേതാവ് മാത്രമല്ല, 'പൊന്മുടി നാഥൻ' കൂടിയാണ്. കൈലാസനാഥൻ പരമശിവൻ എന്ന് പറയുന്നതുപോലെ പൊന്മുടിനാഥൻ പരമേശ്വരൻ.



Download Copy



മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ 96 ലയങ്ങളുടെയും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെയും ഉടമസ്ഥാവകാശം അതാത് കുടുംബങ്ങൾക്ക് നൽകാനുള്ള കോടതിവിധിക്ക് പിന്നിൽ യൂണിയൻ പ്രസിഡന്റ് ആർ. എം. പരമേശ്വരന്റെ കഠിനാധ്വാനവും ദീർഘദൃഷ്ടിയുമാണെന്ന് തൊഴിലാളികൾ ഒന്നടങ്കം പറയുന്നു. സ്ഥലത്ത് സ്കൂൾ അനുവദിച്ചതും അദ്ദേഹത്തിന്റെ ശ്രമഫലമായാണെന്ന് അവർ വിശ്വസിക്കുന്നു. അദ്ദേഹം ഇപ്പോൾ അവരുടെ യൂണിയൻ നേതാവ് മാത്രമല്ല, 'പൊന്മുടി നാഥൻ' കൂടിയാണ്. കൈലാസനാഥൻ പരമശിവൻ എന്ന് പറയുന്നതു പോലെ പൊന്മുടിനാഥൻ പരമേശ്വരൻ.

മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ 96 ലയങ്ങളുടെയും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെയും ഉടമസ്ഥാവകാശം അതാത് കുടുംബങ്ങൾക്ക് നൽകിക്കൊണ്ട് ഹൈക്കോടതി ഉത്തരവായി. വീടിന്മേലും സ്ഥലത്തിൻമേലും സമ്പൂർണ്ണ അവകാശമായിരിക്കും അവർക്ക് ലഭിക്കുക. കേരള ചരിത്രത്തിലേ തന്നെ ഈ മേഖലയിലെ ആദ്യത്തെ കോടതിവിധിയായിരിക്കും അത്. ഈ വിധിയോടെ യൂണിയൻ നേതാവ് ആർ. എം. പരമേശ്വരൻ പൊന്മുടിയുടേതന്നെ നാഥനായി മാറിക്കഴിഞ്ഞു.

മാനേജ്മെന്റിന്റെ എതിർപ്പിനെ മറികടന്നാണ് കോടതിവിധി ഉണ്ടായിരിക്കുന്നത്. കോടതി നിയോഗിച്ച കമ്മീഷൻ ഓരോ വീട്ടിലും പോയി തെളിവെടുത്തിരുന്നു. കമ്മീഷനാണ് വീടുകൾ തോറും സന്ദർശിച്ചതെന്ന് പുറത്താരും അറിഞ്ഞിരുന്നില്ല.

വിധിയിലൂടെ ഓരോ കുടുംബത്തിനും 10 സെന്റ് മുതൽ ഒന്നര ഏക്കർ വരെ ഭൂമി സ്വന്തമാക്കാൻ കഴിഞ്ഞു. 96 കുടുംബങ്ങൾക്കും ഉപജീവനത്തിനായി ബാങ്ക് വായ്പയും നേടിക്കൊടുക്കാൻ ആർ. എം. പരമേശ്വരൻ പ്രസിഡന്റായ ഐ.എൻ.റ്റി.യു.സിക്ക് കഴിഞ്ഞു. ഓരോ കുടുംബത്തിനും അരലക്ഷത്തിന് താഴെ ഒരു തുക വായ്പയായി നൽകാൻ എസ്. ബി. ഐ വിതുര ബ്രാഞ്ച് നടപടിയെടുത്തു കഴിഞ്ഞു.

മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ ഇപ്പോൾ ഒരേയൊരു യൂണിയനേയുള്ളൂ ഐ.എൻ.റ്റി.യു.സി. 100 ശതമാനം തൊഴിലാളികളും ഇതിൽ അംഗങ്ങളാണ്. ഈ ആനുകൂല്യങ്ങളിൽ ആകൃഷ്ടരായ സമീപ എസ്റ്റേറ്റുകളിലെ തൊഴിലാളികളും ഐ.എൻ.റ്റി.യു.സിയോട് അടുക്കുകയാണ്.

തൊഴിലാളികൾക്ക് പൂകൃഷി തുടങ്ങാൻ ആവശ്യമായ മുഴുവൻ തുകയും ബാങ്ക് നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി രണ്ട് പള്ളികളുടെയും രണ്ട് ബിഷപ്പുമാരുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

എസ്റ്റേറ്റിലെ മുഴുവൻ തൊഴിലാളികൾക്കും ആധാർ കാർഡും വൈദ്യുതി ബില്ലും മറ്റു സുപ്രധാന രേഖകളെല്ലാമുണ്ട്. പഞ്ചായത്ത് അംഗങ്ങളായ പൊൻമുടി പ്രകാശൻ, മനോഹരൻ, ജോസ് തുടങ്ങിയവർ തൊഴിലാളികൾക്ക് എന്ത് സഹായവും നൽകാൻ തയ്യാറായി രംഗത്തുണ്ട്.

യൂണിയൻ പ്രസിഡന്റ് ആർ. എം. പരമേശ്വരന്റെ ശ്രമഫലമായി സ്ഥലത്ത് ഒരു പ്രൈമറി സ്കൂൾ വന്നത് നാട്ടുകാർക്ക് വലിയൊരു അനുഗ്രഹമായി. ഇതോടെ കുട്ടികൾക്കിനി വളരെ ക്ലേശിച്ച് വിതുര വരെ പോകേണ്ട അവസ്ഥ ഒഴിവായി കിട്ടി.

Download Copy



കടവിള ഷാജി
എക്സിക്യൂട്ടിവ് എഡിറ്റർ

# ലയവിന്യാസങ്ങളിലെ ജീവിതം മാറാൻ

ഒരു വിദൂരഭൂതകാലത്തിന്റെ ദുരൂഹതകൾ ഒളിഞ്ഞു കിടക്കുന്ന ഇടങ്ങളാണ് കേരളത്തിലെ മിക്ക എസ്റ്റേറ്റുകളും. നമ്മുടെ സാഹിത്യത്തിലും ചലച്ചിത്രങ്ങളിലും ഒക്കെ ഇവയുടെ പ്രതിബിംബങ്ങൾ കാണാനാകും കാലത്തിന്റെ അവശിഷ്ടങ്ങൾ പോലെ. അവയിൽ എടുത്തു പറയേണ്ട ഒന്നാണ് തിരുവനന്തപുരത്ത് പൊന്മുടിയിലുള്ള മെർക്കിസ്റ്റൺ എസ്റ്റേറ്റ്. പ്രകൃതി അതിന്റെ എല്ലാ വർണ്ണഭംഗിയോടെയും വിരാജിച്ചു നിൽക്കുന്ന അതിമനോഹരമായ ഭൂപ്രദേശം. ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച സ്വപ്നഭൂമി



Download Copy

പൊന്മുടിയിലെ മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ ലയങ്ങളിൽ അധിവസിക്കുന്ന തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. കുടിവെള്ളം പോലും കിട്ടാനില്ല. പേരിന് പോലുമൊരു ആശുപത്രിയില്ല. അടിയന്തിര ഘട്ടങ്ങളിൽ 70 കിലോമീറ്റർ താണ്ടി മെഡിക്കൽ കോളേജിൽ എത്തണം. യാത്രയ്ക്കാകട്ടെ വാഹന സൗകര്യമില്ല. റോഡിന്റെ സ്ഥിതി പറയുകയും വേണ്ട, എങ്ങും കൂർത്തു കല്ലുകളാണ്. ആരെങ്കിലും മരിച്ചാൽ ശവമടക്കാൻ ഉൾവനത്തിൽ പോകണം. തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മുടങ്ങി കിടക്കുന്നു. ഇവിടുത്തെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ കുന്നിടിച്ചിൽ വ്യാപകമാണ്. ഭൂമി കൈയേറ്റവും തുടരുന്നു.

ഒരു വിദൂരഭൂതകാലത്തിന്റെ ദുരൂഹതകൾ ഒളിഞ്ഞു കിടക്കുന്ന ഇടങ്ങളാണ് കേരളത്തിലെ മിക്ക എസ്റ്റേറ്റുകളും. നമ്മുടെ സാഹിത്യത്തിലും ചലച്ചിത്രങ്ങളിലും ഒക്കെ ഇവയുടെ പ്രതിബിംബങ്ങൾ കാണാനാകും കാലത്തിന്റെ അവശിഷ്ടങ്ങൾ പോലെ. അവയിൽ എടുത്തു പറയേണ്ട ഒന്നാണ് തിരുവനന്തപുരത്ത് പൊന്മുടിയിലുള്ള മെർക്കിസ്റ്റൺ എസ്റ്റേറ്റ്. പ്രകൃതി അതിന്റെ എല്ലാ വർണ്ണഭംഗിയോടെയും വിരാജിച്ചു നിൽക്കുന്ന അതിമനോഹരമായ ഭൂപ്രദേശം. ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച സ്വപ്നഭൂമി.

140 വർഷങ്ങൾക്ക് മുൻപ് മെർക്കിസ്റ്റൺ എസ്റ്റേറ്റ് സായിപ്പന്മാരുടെ വകയായിരുന്നു. അതിനുശേഷം അഞ്ചു തലമുറകൾ കടന്നുപോയി. ഇപ്പോൾ സേവി മനോ മാത്യുവാണ് ഉടമസ്ഥൻ. അദ്ദേഹം വിലയ്ക്ക് വാങ്ങിയ മണ്ണാണിത്.

900-ലേറെ തൊഴിലാളി കുടുംബങ്ങൾ ഇവിടെ അധിവസിച്ചിരുന്നു. അത് 600 ആയും പിന്നെ 100 ആയും കുറഞ്ഞു, 96 ലയങ്ങളുമുണ്ട്.

തൊഴിലാളികൾക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കൊടുക്കണമെന്നാണ്



വാർഡ് മെമ്പർ പൊന്മുടി പ്രകാശൻ

വ്യവസ്ഥ. പക്ഷെ ഇപ്പോൾ കുടിവെള്ളം പോലും കിട്ടുന്നില്ല, പഴയ പൈപ്പുകളെല്ലാം നാമവശേഷമായി കഴിഞ്ഞു. ഒരു നിർണ്ണായക ഘട്ടത്തിൽ കുട്ടികൾ വെള്ളം കിട്ടാതെ അവശതയിലായപ്പോൾ യൂണിയൻ നേതാവ് ആർ. എം. പരമേശ്വരൻ പോലീസ് മേധാവികളെ വിളിച്ച് വിവരം പറഞ്ഞു. അവർ ലോറികളിൽ വെള്ളം എത്തിച്ചുകൊടുത്തു.

സായിപ്പിന്റെ കാലത്ത് ഇവിടെ എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രി ഉണ്ടായിരുന്നു. ഇപ്പോൾ പേരിന് പോലും ഒരു ആശുപത്രിയില്ല. അടിയന്തിര ഘട്ടങ്ങളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് മാത്രമാണ് ശരണം. 70 കിലോമീറ്റർ യാത്ര ചെയ്തു വേണം അവിടെ എത്താൻ. യാത്രയ്ക്കാകട്ടെ വാഹന സൗകര്യങ്ങളൊന്നും ഇല്ല. റോഡിന്റെ സ്ഥിതി പറയുകയും വേണ്ട. റോഡുമുഴുവൻ കൂർത്ത കല്ലുകളാണ്.

വന്യമൃഗങ്ങൾ മലയിറങ്ങി പലപ്പോഴും താഴ്‌വാരങ്ങളിൽ ഇറങ്ങാറുണ്ട്. തൊഴിലാളികൾ വളർത്തുന്ന കന്നുകാലികളെയും വളർത്തു മൃഗങ്ങളെയുമെല്ലാം അവ കൊന്നു തിന്നും. പുലി വന്ന് ഒരു കുഞ്ഞിനെ പിടിച്ചുകൊണ്ടുപോയതിന് ശേഷം പട്ടി കുട്ടിയെ വരെ കൂടെ കിടത്തിയാണ് ഉറക്കാറുള്ളത്.

ആരെങ്കിലും മരിച്ചാൽ ഉൾവനത്തിലെ ശ്മശാനത്തിൽ കൊണ്ടുപോയി വേണം



Download Copy













ശവമടക്കാൻ. ദുർഘടമായ വനപാതയിലൂടെ നടന്ന് അവിടെ എത്തുക എന്നത് വലിയ സാഹസം തന്നെയാണ്.

എസ്റ്റേറ്റ് തൊഴിലാളികൾക്ക് ശമ്പളം, പ്രൊവിഡന്റ് ഫണ്ട്, ക്ഷേമനിധി എന്നിവയൊന്നും കൊടുക്കാറില്ല. ആറ് മാസത്തെ പ്രസവാവധിയും ആർക്കും കിട്ടാറില്ല. പ്രൊവിഡന്റ് ഫണ്ട് ഇല്ലാത്തതാണ് ഏറ്റവുമധികം ആശങ്ക ഉണർത്തുന്നത്. ഭാവിയിൽ പി.എഫ് പെൻഷൻ പോലും കിട്ടാത്ത ഗതികേടിലാകും.

ചെറുകിട കച്ചവടം നടത്തുന്നവരെ ഒക്കെ ആട്ടിയോടിക്കുകയാണ്. തദ്ദേശീയരായ തൊഴിലാളികളെ ഒഴിവാക്കാനായി അടുത്ത കാലത്ത് ആസ്സാമിൽ നിന്നും കുറെ ആളുകളെ ഇറക്കുമതി ചെയ്തു. തദ്ദേശ തൊഴിലാളികൾ അവരെ എതിർത്തെങ്കിലും ഫലമൊന്നും ഉണ്ടായില്ല. തേയില, ഗ്രാമ്പൂ എന്നീ പ്രധാന കൃഷിയെല്ലാം ചെയ്യിക്കുന്നത് ആസ്സാമികളെക്കൊണ്ടാണ്. ഇവിടെ പറയത്തക്ക ജോലിയൊന്നുമില്ലെന്നതാണ് മറ്റൊരു ദുഃഖസത്യം.

ഇവിടുത്തെ പരിസ്ഥിതി ദുർബലപ്രദേശങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ചില്ലറയല്ല. ഹിറ്റാച്ചി കൊണ്ടുവന്ന് കുന്നുകൾ അടിച്ചു നിരത്തുന്നതിനാൽ വ്യാപകമായി ഉരുൾപൊട്ടലിന് സാധ്യതയുണ്ട്. ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളി കുടുംബങ്ങളാകും ഈ അപകടത്തിന് ഇരയായിത്തീരുക. ജിയോളജി വകുപ്പിന്റെ എതിർപ്പിനെപ്പോലും മറികടന്നാണ് കുന്നിടിക്കൽ പുരോഗമിക്കുന്നത്. തഹസീൽദാർ ഇടപെട്ടിട്ടുപോലും ചെറുക്കാൻ കഴിയുന്നില്ല.

അതിനിടെ, 144 ഏക്കർ സർക്കാർ ഭൂമി കൈയേറി അവിടെ നാല് നില കെട്ടിടം പണിഞ്ഞ് ടൂറിസ്റ്റുകൾക്ക് വാടകയ്ക്ക് കൊടുത്ത സംഭവവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ രാത്രിയായാൽ കാബറേ ഉൾപ്പെടെയുള്ള വിനോദ പരിപാടികളാണ് അരങ്ങേറുന്നത്.

പ്രകൃതിയും മനുഷ്യനും ലയിച്ചുചേർന്ന ഒരു പ്രദേശത്ത് മുഖ്യമായും നടന്നുകൊണ്ടിരിക്കുന്നത് ഫിലിം ഷൂട്ടിംഗാണ്. വിനോദസഞ്ചാരത്തിനെത്തുന്ന ടൂറിസ്റ്റുകൾ മനംകുളിർക്കെ പ്രകൃതിയിൽ വിലയം പ്രാപിക്കുന്നുണ്ടെങ്കിലും ലയങ്ങളിൽ കഴിഞ്ഞുകൂടുന്ന പാവം മനുഷ്യരെ തിരിഞ്ഞു നോക്കാറില്ല. അവരുടെ ജീവിത ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും കഥകൾ ആർക്കുവേണം?







Download Copy






# അജിത് കുമാറും വീണു; പ്രശാന്ത് അകത്തുമായി

സ്റ്റാഫ് റിപ്പോർട്ടർ

ഒടുവിൽ കേരളം ക്ഷമയോടെ കാത്തിരുന്ന രണ്ട് നടപടികൾ യാഥാർത്ഥ്യമായി. യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച അംഗരക്ഷകരായ പോലീസുകാരെ രക്ഷിക്കാൻ ഇടപെട്ട എ.ഡി.ജി.പി. എം. ആർ. അജിത് കുമാറിന് സസ്പെൻഷൻ. ഇതോടെ അദ്ദേഹത്തിന്റെ ഡി.ജി.പി മോഹങ്ങൾ തകർന്നു. അടുത്ത ആഴ്ച പുതിയ ഡി.ജി.പിയെ തെരഞ്ഞെടുക്കേണ്ട പാനലിൽ ഉൾപ്പെടേണ്ട സീനിയർ പോലീസ് ഉദ്യോഗസ്ഥനായിരുന്നു.

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ എൽ.ഡി.എഫ് സർക്കാർ കാലത്തെ മൂന്നാമത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റും അറസ്റ്റിലായതാണ് രണ്ടാമത്തെ സംഭവം. ബോർഡ് മുൻ പ്രസിഡന്റ് പി. എസ്. പ്രശാന്തിനെ കരകുളത്തെ വീട്ടിൽ നിന്നും അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കുകയായിരുന്നു.

പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കെ നടത്തിയ നവകേരള മാർച്ചിന് നേരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് നേരെ നരനായാട്ട് നടത്തിയ പോലീസുകാരെ രക്ഷിക്കാൻ ഇടപെട്ടു എന്നതിലാണ് അജിത് കുമാറിന് എതിരായ കുറ്റം. കേസ് ഡയറി തിരുത്താൻ അന്ന് ക്രമസമാധാനത്തിന്റെ ചുമതലയുണ്ടായിരുന്ന അജിത് കുമാർ ഇടപെട്ടുവെന്ന് ഡി.ജി.പി. റവാഡ ചന്ദ്രശേഖർ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. മുണ്ടക്കൈ - ചൂരൽമല പ്രദേശത്ത് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുമ്പോഴാണ് അജിത് കുമാർ മറ്റൊരു 'രക്ഷാപ്രവർത്തനം' കൂടി നടത്തിയത്. ഈ സമയം മുഖ്യമന്ത്രിയും ആരോപണ വിധേയരായ പോലീസുകാരും വയനാട്ടിലെ ദുരന്ത ബാധിത മേഖലയിലുണ്ടായിരുന്നു. അവിടെ നിന്ന് അജിത് കുമാർ കേസ് എങ്ങനെ അട്ടിമറിക്കണമെന്ന് കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതിന്റെ ഡിജിറ്റൽ ചാറ്റ് വിവരം അന്വേഷണ സംഘം കണ്ടെത്തി. കേസ് പറഞ്ഞതു പോലെ തീർക്കണമെന്നായിരുന്നു നിർദ്ദേശം.

2025ൽ ദ്വാരപാലക ശില്പങ്ങൾ സ്വർണ്ണം പൂശാൻ നടപടിക്രമം പാലിക്കാതെ ചെന്നൈയ്ക്ക് കൊണ്ടുപോകാൻ സ്പോൺസറായ ഉണ്ണികൃഷ്ണൻ പോറ്റി നടത്തിയ ഗൂഢാലോചനയിൽ പങ്കെടുത്തെന്നതാണ് പ്രശാന്തിനെതിരായ കുറ്റം പ്രശാന്തിനൊപ്പം ബോർഡ് അംഗമായിരുന്ന അജിത് കുമാറും അറസ്റ്റിലായി. തന്ത്രി കണ്ഠരര് രാജീവര് അടക്കം കേസിൽ ഏഴ് പ്രതികളുമുണ്ട്.

2019ലെ സ്വർണ്ണക്കൊള്ള കേസ്സുകളുമായി ബന്ധപ്പെട്ട് നേരത്തെ അറസ്റ്റിലായ മുൻ പ്രസിഡന്റുമാരായ എ. പത്മകുമാർ, എൻ. വാസു, ബോർഡ് മുൻ അംഗങ്ങളായ എൻ. വിജയകുമാർ, ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി, തന്ത്രി കണ്ഠരര് രാജീവര് തുടങ്ങിയവരും ഇപ്പോൾ ജാമ്യത്തിലാണ്.

Download Copy

ഇനി നിക്ഷേപ തട്ടിപ്പിനെതിരെ



വർഗ്ഗീസ് ജോസഫ്

# തൂഫാന് ചരിത്ര വിജയം

**കേരളത്തിലെ ലഹരി വ്യാപനം ഭയാനകമാണെന്ന് ആഭ്യന്തരവകുപ്പ് കണ്ടെത്തി. ഓപ്പറേഷൻ തൂഫാൻ പ്രതീക്ഷിച്ചതിലും വലിയ ജനമുന്നേറ്റമായി മാറി. ഭാവി തലമുറയെ രക്ഷിച്ചെടുക്കാൻ കഴിഞ്ഞു എന്ന ആശ്വാസത്തിലാണ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.**






Download Copy

ആഭ്യന്തര വകുപ്പിന്റെ അടുത്ത ലക്ഷ്യം നിക്ഷേപ തട്ടിപ്പുകാരെ പിടികൂടി തുറങ്കിലടയ്ക്കുകയാണ്. അതിനുവേണ്ടിയുള്ള കർമ്മ പദ്ധതി ഉടൻ പ്രഖ്യാപിക്കും.

മയക്കുമരുന്നിനെതിരെ ഓപ്പറേഷൻ തൂഫാൻ – എനാർക്കോ ഹണ്ട് എന്ന പേരിൽ ആരംഭിച്ച പോരാട്ടം ചരിത്ര വിജയത്തിലേക്ക്. കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടിനിടയ്ക്ക് ഇത്രയും  ലക്ഷ്യം വരിച്ച മറ്റൊരു സർക്കാർ പരിപാടി വേറെയില്ലെന്ന് തന്നെ പറയാം. തൂഫാൻ പ്രതീക്ഷിച്ചതിലും വലിയ ജനമുന്നേറ്റമായി മാറി.

കേരളത്തിലെ ലഹരി വ്യാപനം ഭയാനകമാണെന്ന് തൂഫാനിലൂടെ തെളിഞ്ഞു. ഇതുവരെ 6182 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 6632 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 35 കോടിയിലധികം രൂപയുടെ മയക്കുമരുന്ന് പിടിച്ചെടുത്തു. ഭാവി തലമുറയെ രക്ഷിച്ചെടുക്കാൻ തൂഫാൻ എന്ന ദൗത്യത്തിലൂടെ കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.

നഗരങ്ങളിലെ രാത്രികാല ജീവിതം ഉത്തരവാദിത്വപൂർണ്ണമായിരിക്കണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. ഡി.ജെ പാർട്ടികൾക്ക് സർക്കാർ എതിരല്ല, എന്നാൽ മയക്കുമരുന്ന് അനുവദിക്കില്ല. 17000-ലേറെ സ്കൂളുകളിൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്ത് തൂഫാൻ പതാക ഉയർത്തി. 3000-ലേറെ ബോധവൽക്കരണ സെമിനാറുകൾ നടത്തി. ലഹരി തടയാൻ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും ദക്ഷിണേന്ത്യയിലെ ഡി.ജി.പി മാരുടെയും യോഗം വിളിച്ച് അവരുടെ സഹായം തേടിയിട്ടുണ്ട്.

ആഗസ്റ്റ് 15 മുതൽ പോലീസിന് പുതിയ മുഖം നൽകും. അതിന് മുമ്പായി പോലീസ് സ്റ്റേഷനുകൾ വൃത്തിയാക്കുകയും എല്ലാ സ്റ്റേഷനുകൾക്കും ഒരേ പെയിന്റ് അടിക്കുകയും ചെയ്യും. പ്രധാനപ്പെട്ട 64 സ്റ്റേഷനുകളിൽ സി.ഐ മാരും മറ്റിടങ്ങളിൽ എസ്.ഐ മാരും ആയിരിക്കും. എസ്.എച്ച്.ഓ മാർ.  ബാക്കി സി.ഐ മാർക്ക് മൂന്നോ നാലോ സ്റ്റേഷനുകളിലെ മേൽനോട്ട ചുമതല നൽകും. അതിന് മുമ്പ് എല്ലാവർക്കും ജില്ലാതലപരിശീലനവും നൽകും.

പോലീസ് സ്റ്റേഷനുകളിലെ പരാതി സംബന്ധിച്ച് ഓഡിറ്റ് നടത്തും. എത്ര പരാതി വന്നു എത്രയെണ്ണം പരിഹരിച്ചു എന്നും പരിശോധിക്കും. കുറ്റം ചെയ്യുന്നവർ മാത്രം പോലീസിനെ പേടിച്ചാൽ മതിയെന്നതാണ് ഇന്നത്തെ അവസ്ഥ. പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുകയാണ് ഇനിയുള്ള  ലക്ഷ്യം.

തൂഫാൻ ലക്ഷ്യം കൈവരിച്ച സാഹചര്യത്തിൽ സാമ്പത്തിക തട്ടിപ്പുകൾ അമർച്ച ചെയ്യുകയാകും അടുത്ത പരിപാടി. ഒരു ബോർഡും രണ്ട് ജീവനക്കാരെയും നിയമിച്ച ശേഷം നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങളാണ് ഒന്നോ രണ്ടോ മാസം പണം നൽകിയ ശേഷം മുങ്ങും.  പാവപ്പെട്ട കുടുംബങ്ങളുടെ കോടിക്കണക്കിന് രൂപയാണ് ഇത്തരത്തിൽ തട്ടിയെടുക്കുന്നത്. ഇവരെ പിടികൂടാൻ ഫലപ്രദമായ നടപടികൾക്ക് രൂപംനൽകിക്കഴിഞ്ഞു.

ഓപ്പറേഷൻ തൂഫാനുമായി കേരള പോലീസ് മുന്നേറുന്നതിനിടയിൽ മയക്കുമരുന്ന് മാഫിയ സംഘത്തിൽപ്പെട്ടവർ ചില സ്ഥലങ്ങളിൽ അക്രമം അഴിച്ചുവിട്ടു. പാലക്കാട് വനിതാ എസ്.ഐ ഉൾപ്പെടെയുള്ളവരെ ആക്രമിച്ചു, കോഴിക്കോട്ട്  രണ്ട് പോലീസ്കാരെ വാഹനം ഇടിച്ച് കൊല്ലാൻ ശ്രമിച്ചു, ചങ്ങനാശ്ശേരിയിലെ പായിപ്പാട്ട് പോലീസിന് നേരെ ജർമ്മൻ ഷെപ്പേർഡ് നായ്ക്കളെ അഴിച്ചുവിട്ട് പ്രതി രക്ഷപ്പെട്ടു.

Download Copy





കെ.പി ഹരിദാസ്

# കേരളത്തെ സ്വപ്ന ചിറകിലേറ്റി
# സതീശൻ മന്ത്രിസഭ

- സംസ്ഥാന ബജറ്റ് മുഖ്യമന്ത്രിയുടെ കർമ്മരേഖ
- സ്വകാര്യ നിക്ഷേപം എത്തിയില്ലെങ്കിൽ കേരളം ഉണ്ടാവില്ല.
- സദ്ഭരണവും സഹാനുഭൂതിയും മുഖമുദ്രകൾ
- കേരളത്തെ മാരിടൈം ഭൂപടത്തിലെ വൻശക്തിയാക്കും.
- പുതിയ തലമുറയുടെ അഭിലാഷങ്ങൾക്ക് മുൻഗണന



Download Copy

വി. ഡി. സതീശൻ മന്ത്രിസഭയുടെ ഒന്നരമാസത്തെ ഭരണം സമസ്ത ജനവിഭാഗങ്ങളിലും വല്ലാത്ത പ്രതീക്ഷകളാണ് ഉണർത്തിയിരിക്കുന്നത്. കേരളത്തെ സ്വപ്ന ചിറകിലേറ്റി പറക്കുകയാണ് മുഖ്യമന്ത്രി. അദ്ദേഹം സ്വപ്നം കൊണ്ട് കൊടുങ്കാറ്റ് സൃഷ്ടിക്കുന്നു. കൃത്യമായ കാഴ്ചപ്പാട്, ഭാവനാസമ്പന്നമായ കർമ്മപദ്ധതികൾ, കേരളത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന പ്രായോഗിക സമീപനം, നിരന്തരമായ പഠനത്തിലൂടെ കണ്ടെത്തുന്ന തിരുത്തലുകൾ എന്നിവ അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. എത്രത്തോളം വിമർശിക്കപ്പെടുന്നുവോ അത്രത്തോളം തന്നെ അദ്ദേഹം ശക്തിമാർജ്ജിക്കുകയും ചെയ്യുന്നു. നിയമസഭയ്ക്ക് അകത്തും പുറത്തും വാക്ധോരണി കൊണ്ട് മായാജാലം തീർക്കാനും അദ്ദേഹത്തിന് കഴിയുന്നു. കേരളം കണ്ട വേറിട്ടൊരു മുഖ്യമന്ത്രിയാണ് വി. ഡി. സതീശൻ.

സംസ്ഥാന ബജറ്റ് അദ്ദേഹം വിഭാവനം ചെയ്തിട്ടുള്ള ഒരു കർമ്മരേഖയാണ്. അദ്ദേഹത്തിന്റെ വികസന സ്വപ്നങ്ങൾക്ക് സമുദ്രത്തിന്റെ ആഴവും ആകാശത്തോളം ഉയർച്ചയുമുണ്ട്. കേരളത്തിന് കുതിക്കാൻ ഇനി തീരദേശം അടിസ്ഥാനമാക്കണമെന്നാണ് ബജറ്റിന്റെ സാരം  തുറമുഖങ്ങളെ ബന്ധിപ്പിച്ചുള്ള ചരക്ക് നീക്കവും തീരദേശങ്ങളിലെ വലിയ  സംഭരണ ശാലകളും  ലക്ഷ്യമിടുന്നു. വികസന താവണകളെ കോർത്തിണക്കിയുള്ള ഏവിയേഷൻ ഹബ്ബ്, ബഹിരാകാശ സംരംഭങ്ങൾ എന്നിവയാണ് ഭാവി കേരളത്തിന്റെ വികസന സാധ്യതകളായി മുഖ്യമന്ത്രി കാണുന്നത്. ലത്തീൻ വിഭാഗത്തിന്  മന്ത്രിയില്ലെന്ന വിഷമം മുഖ്യമന്ത്രി ബജറ്റിലൂടെ മറികടക്കുന്നു.

സദ്ഭരണവും സഹാനുഭൂതിയുമാണ് ബജറ്റിന്റെ മുഖമുദ്രകൾ. ഇന്ദിരാ ഗ്യാരന്റിയിൽ പറഞ്ഞ ഉമ്മൻചാണ്ടി ചികിത്സാ സഹായം കൂടി പ്രഖ്യാപിച്ചതോടെ മൂന്ന് കാര്യങ്ങൾ തുടങ്ങിവച്ചതിന്റെ ചാരിതാർത്ഥ്യം അവകാശപ്പെടാം

സംസ്ഥാനം നേരിടുന്ന രണ്ട് സാമൂഹിക യാഥാർത്ഥ്യങ്ങളെ കാരണമാറിഞ്ഞും കാരുണ്യം ചൊരിഞ്ഞും ബജറ്റ് നേരിടുന്നു. ഉന്നതവിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേതുപോലെ സൗകര്യങ്ങളൊരുക്കി വിദ്യാർത്ഥികളെ പിടിച്ചു നിർത്താനും വിദശ വിദ്യാർത്ഥികളെ  ആകർഷിക്കാനുമാണ് ശ്രമം. വയോജന ക്ഷേമത്തിനായി പ്രത്യേക വകുപ്പ് തന്നെ പ്രഖ്യാപിച്ചു. സ്ത്രീ യാത്രാസൗജന്യം കെ.എസ്.ആർ.ടി.സിക്ക് ബാദ്ധ്യതയാകാതിരിക്കാൻ തുക വകയിരുത്തി. ഖജനാവിൽ വരേണ്ട പണം കിഫ്ബിയിലക്ക് പോകുമ്പോൾ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുള്ള വിഹിതം കുറയാതിരിക്കാൻ അവർക്കുള്ള വിഹിതം ഉയർത്തി.

സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസന പദ്ധതികൾക്ക് വാതിൽ തുറന്നിട്ടു. വിഭവസമാഹരണത്തിനായി പുതിയ നികുതികൾ അടിച്ചൽപ്പിക്കാതെ ഫ്ളഡ് സെസ്സ്, ചെറുകിട നികുതി കുടിശ്ശികകൾ എന്നിവ പിരിച്ചെടുക്കാനുള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പരിഷ്ക്കരണവും വരുമാനം ലക്ഷ്യമിട്ടുള്ളതാണ്. സ്വകാര്യ നിക്ഷേപം എത്തിയില്ലെങ്കിൽ കേരളം ഉണ്ടാവില്ല. 87000 കോടിയുടെ അടിയന്തിര കടവും അഞ്ച് ലക്ഷം കോടിരൂപയിലധികം മറ്റ് കടവുമുള്ള സംസ്ഥാനത്ത് ഏത് പദ്ധതിയാണ് പൊതുമേഖലയിൽ മാത്രമായി നടത്താനാകുന്നത്. സാമൂഹിക വികസന സൂചികകൾ ചലിപ്പിച്ച് പുതുയുഗ കേരളം സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്ന ബജറ്റിൽ ജെൻസി ക്കും  ന്യൂ ജെൻ ടെക്നോളജിക്കും ഊന്നൽ നൽകുന്നുണ്ട്.

കേരളം നേരിടുന്ന ധനകാര്യ പ്രതിസന്ധിയെക്കുറിച്ച് പഠിച്ചതിന്  ശേഷമാണ് ബജറ്റ് ആവിഷ്ക്കരിച്ചത്. ലളിതമായി പറഞ്ഞാൽ കേരളം ചെലവഴിക്കുന്ന 100 രൂപയിൽ 90 രൂപയും ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ളവയാണ്. റോഡുകൾ, അടിസ്ഥാനസൗകര്യവികസനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ വരുമാന സ്രോതസ്സുകൾക്കുവേണ്ടി ചെലവഴിക്കുന്നത് കേവലം 10 രൂപ മാത്രമായിരിക്കും. ഈനാട് എങ്ങനെ വികസിക്കാനാണ്?

Download Copy

# വോട്ട് ചെയ്യാൻ പോയ ബംഗാളികൾ മടങ്ങിയില്ല

ആലിയാട് സുരേന്ദ്രൻ



- തൊഴിലാളി ക്ഷാമത്തിന്റെ മറവിൽ കൂലി കൂട്ടാൻ സമ്മർദ്ദം
- 1200 മുതൽ 1400 വരെ കൂലി ചോദിക്കുന്നു. ഇപ്പോഴത്തെ കൂലി 800 മുതൽ 900 വരെ
- പ്രാദേശിക തലത്തിൽ അനുരഞ്ജന ചർച്ചകൾ
- അതിഥി തൊഴിലാളികൾ ഇടനിലക്കാരെ ഒഴിവാക്കി കൂലി സ്വയം നിശ്ചയിക്കുന്നു



Download Copy

അന്തർ സംസ്ഥാന തൊഴിലാളികൾ കൂലി കൂട്ടിച്ചോദിച്ചതോടെ നിർമ്മാണ മേഖല ഏതാണ്ട് സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നു. 800 രൂപയും 900 രൂപ വരെയും നൽകിയിരുന്ന കൂലി 1200 മുതൽ 1400 രൂപ വരെയായി ചോദിക്കുന്ന സ്ഥിതിയിലാണ്. കരാറെടുത്ത് കെട്ടിടം നിർമ്മിക്കുന്നവർ താങ്ങാനാവില്ല ഈ വേതനം. ഇത്തരത്തിൽ തർക്കങ്ങളുള്ള ഭാഗങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളും പോലീസും ലേബർ വകുപ്പും സംയുക്തമായി തൊഴിലാളികളുമായി ചർച്ച നടത്തി നൽകാവുന്ന പരമാവധി വേതനം കണക്കാക്കിയിട്ടുണ്ടെന്ന് കരാറുകാർ ചൂണ്ടിക്കാണിക്കുന്നു.

കൽപണിക്കാരന് 1100 രൂപയും ഹെൽപ്പർക്ക് 950 രൂപയുമായി നിശ്ചയിക്കണമെന്നും അതിലേറെ കൂലി നൽകുന്നത് കരാർ മേഖലയെ ബാധിക്കുമെന്നു കാണിച്ച് പെരുന്തൽമണ്ണയിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അതിലേറെ കൂലി കൊടുക്കേണ്ടി വന്നാൽ കരാറുകാർക്ക് നിരക്ക് ഉയർത്തേണ്ടിവരുമെന്നും ബോർഡിൽ ഓർമ്മപ്പെടുത്തുന്നു

ജില്ലയിൽ ഏറ്റവും അധികം അന്തർ സംസ്ഥാന തൊഴിലാളികൾ താമസിച്ച് തൊഴിലെടുക്കുന്ന പ്രദേശങ്ങളിലൊന്നാണ് പെരിന്തൽമണ്ണ. 3000-ലേറെ അന്യ സംസ്ഥാന തൊഴിലാളികൾ ഇവിടെയുണ്ട്. ലേബർ ഏജന്റുമാരാണ് ഇവരെ വിവിധ തൊഴിൽ കേന്ദ്രങ്ങളിലേക്ക് അയക്കുന്നത്. എന്നാൽ അന്തർ സംസ്ഥാന തൊഴിലാളികൾ ഇടനിലക്കാരെ ഒഴിവാക്കി കൂലി സ്വയം നിശ്ചയിക്കുകയാണിപ്പോൾ. കാലവർഷം ശക്തി പ്രാപിക്കും മുമ്പ് തീർക്കേണ്ട കെട്ടിട നിർമ്മാണം, റോഡ് പണി എന്നിവയ്ക്ക് വർദ്ധിച്ച വേതനം നൽകികൊണ്ട് തൊഴിലാളികളെ വിളിക്കുന്നത്. നേരത്തെ നൽകിവന്നതിനേക്കാൾ 200 രൂപ വരെ ഒരാളുടെ ദിവസ കൂലി വർദ്ധിക്കുന്ന സ്ഥിതിയാണെന്നും പറയുന്നു. വർദ്ധിപ്പിച്ച കൂലി അന്തർ സംസ്ഥാന തൊഴിലാളികൾക്ക് നൽകിയാൽ തദ്ദേശ തൊഴിലാളികൾക്ക് അതിനേക്കാൾ നൽകേണ്ടി വരും. തൊഴിലാളികളെ വിളിച്ചാൽ തൊഴിൽ കേന്ദ്രത്തിൽ എത്താനുള്ള യാത്രാനിരക്ക്, രണ്ട് സമയത്തെ ഭക്ഷണം എന്നിവ കണക്കാക്കിയാണ് കൂലി നിർണ്ണയിക്കുന്നത്. ഇതുപ്രകാരം കെട്ടിട നിർമ്മാണ കരാറെടുത്തവർക്ക് നഷ്ടമില്ലാതെ പണി പൂർത്തിയാക്കാനാകാത്ത സ്ഥിതിയാണ്.

അതിനിടെ മടങ്ങിയെത്തിയ അന്യസംസ്ഥാന തൊഴിലാളികൾ പല സ്ഥലങ്ങളിലും വേതന വർദ്ധനവ് ആവശ്യപ്പെട്ട് രംഗത്ത് വന്നു. പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഇതിനെതിരെ ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തിക്കഴിഞ്ഞു. സർക്കാർ ഉത്തരവ് അനുസരിച്ച് മേസ്തിരിക്ക് 950 രൂപയും മെയ്ക്കാഡിന് 840 രൂപയുമാണ് ശമ്പളം നൽകി വരുന്നത്. എന്നാൽ നിലവിൽ 1100, 900 എന്ന നിരക്കിലാണ് കോൺട്രാക്ടർമാർ ശമ്പളം നൽകിവരുന്നത്.

ബംഗാളിൽ വോട്ട് ചെയ്യാനായി പോയ തൊഴിലാളികളിൽ മഹാപൂരിപക്ഷവും ഇനിയും മടങ്ങിയെത്താത്തതുമൂലം നിർമ്മാണ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി മുതലെടുത്താണ് ഇപ്പോൾ കൂലി കൂട്ടി ചോദിച്ചു തുടങ്ങിയത്. മേസ്തിരിമാരുടെ കൂലി 1400 രൂപയായും മേയ്ക്കാടുമാരുടെ ശമ്പളം 1300 രൂപയായും വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഇതിനെതിരെ ചില സ്ഥലങ്ങളിൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ പ്രതിഷേധ യോഗങ്ങളും സംഘടിപ്പിച്ചു.

നിർമ്മാണ ജോലികൾ മുടങ്ങാതിരിക്കാൻ ചില കോൺട്രാക്ടർമാർ കൂലി കൂടുതൽ വക വയ്ക്കാതെ ചോദിക്കുന്ന കൂലി നൽകിയാണ് തൊഴിലാളികളെ കൂട്ടിക്കൊണ്ടുപോകുന്നത് ഹോട്ടലുകൾ, മറ്റ് കച്ചവട സ്ഥാപനങ്ങൾ, തേപ്പ് കടകൾ എന്നിവയിലെ തൊഴിലാളികളും കൂലി കൂടുതൽ ആവശ്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

അന്തർ സംസ്ഥാന തൊഴിലാളികളെ ഒഴിവാക്കി തദ്ദേശ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കണമെന്ന ചിന്തയും കോൺട്രാക്ടർമാർക്കുണ്ട്. പക്ഷെ ആവശ്യത്തിന് തദ്ദേശ തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ്. കിട്ടിയാൽ തന്നെ നിലവിലുള്ളതിനേക്കാൾ കൂടുതൽ കൂലി നൽകണം. മാത്രമല്ല അവരെക്കൊണ്ട് ജോലി തീർക്കാനാകാത്ത സ്ഥിതിയുമുണ്ട്.

Download Copy




# കെ. മുരളീധരനെ പ്രശംസിച്ച്
# ഡോ: ഹാരീസ്

**തിരക്ക് കുറയ്ക്കാനും രോഗികളെ തറയിൽ കിടത്തുന്നത് ഒഴിവാക്കാനുമായി പുലയനാർകോട്ട ആശുപത്രിയിൽ ഒ.പി. തുറക്കുമെന്ന ആരോഗ്യ മന്ത്രിയുടെ പ്രഖ്യാപനം നന്മ നിറഞ്ഞത്.**

സ്റ്റാഫ് റിപ്പോർട്ടർ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മന്ത്രി കെ. മുരളീധരൻ കൊണ്ടുവന്ന മാറ്റങ്ങളെ പ്രശംസിച്ച് ഡോ: ഹാരീസ് ചിറയ്ക്കൽ. തിരക്ക് കുറയ്ക്കാനും രോഗികളെ തറയിൽ കിടത്തുന്നത് ഒഴിവാക്കാനുമായി പുലയനാർകോട്ട ആശുപത്രിയിൽ മെഡിസിൻ ഒ.പി. തുറക്കുന്നതായുള്ള മുരളീധരന്റെ ഫേസ്ബുക്ക് പോസ്റ്റ് പങ്കുവച്ചാണ് പ്രശംസ. വളരെ നന്മ നിറഞ്ഞ തീരുമാനമാണിത്. അവശരായിവരുന്ന ജനങ്ങൾക്ക് കിടക്കാൻ വൃത്തിയുള്ള ഒരു സ്ഥലം ഒരു ബെഡ്, ശ്വാസതടസ്സവും മാരകമായ രോഗങ്ങളും മരണ ഭീതിയും വേദനകളുമായി പ്രധാന ആശുപത്രികളിൽ നിന്ന് റഫർ ചെയ്തു വരുന്ന വരെ കട്ടിലിന്റെ അടിയിൽ തള്ളുന്നതും വരാന്തയിലെ ഏതെങ്കിലും കോണിൽ കിടത്തുന്നതും പൊറുക്കാനാകാത്ത തെറ്റാണ്.

കൃത്യമായ നടപടികൾ കൊണ്ട് പരാധീനതകൾ പരിഹരിക്കാൻ ശ്രമിക്കുന്ന മന്ത്രിയെ ഡോ: ഹാരീസ് അഭിനന്ദിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥലസൗകര്യങ്ങൾ പരിമിതമാണ്. പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പുതിയ വാർഡുകൾക്ക് രൂപം നല്കാൻ സ്ഥലമില്ല. മൂന്ന് വർഷം മുമ്പ് 250 കിടക്കകൾ ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചു കളഞ്ഞതോടെയാണ് തിരക്ക് ഇത്രയും തീവ്രമായത്. അതേസമയം പുലയനാർകോട്ടയിൽ ധാരാളം സ്ഥലം ലഭ്യമാണ്. ചില ഡിപ്പാർട്ടുമെന്റുകൾ തന്നെ അവിടേക്ക് മാറ്റാൻ പറ്റും. ഇതിനോടൊപ്പം ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും ചേർന്നുള്ള പുതിയ മെഡിക്കൽ കോളേജ് കൂടി വരുന്നതോടെ രോഗികളുടെ ദുരവസ്ഥയ്ക്ക് മാറ്റം വരും.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, ഓങ്കോളജി, പ്ലാസ്റ്റിക് സർജറി, കാർഡിയാക് സർജറി, യൂറോളജി, ട്രാൻസ്പ്ലാന്റേഷൻ, ഗ്യാസ്ട്രോ വിഭാഗം, ഇൻഫെർട്ടിലിറ്റി, ജനിതക രോഗങ്ങൾ, എൻഡോക്രൈനോളജി, ക്യാൻസർ സർജറി, റൊബോട്ടിക്സ് തുടങ്ങിയ വിഭാഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നത് നന്നായിരിക്കും. വളരെ വേഗം മുന്നേറുന്ന ആധുനിക ചികിത്സാരീതികൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഡോ: ഹാരീസ് അഭ്യർത്ഥിച്ചു. ഓരോ തീരുമാനവും ചുവപ്പുനാടയിൽ കുടുങ്ങി ഇഴഞ്ഞു പോകാതെ വേഗത്തിൽ നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



Download Copy

കരുണാകര മന്ദിരം

# നിർമ്മിക്കാനും പിരിവ് പൊളിക്കാനും പിരിവ്




## ചന്ദ്രശേഖരൻ പുറത്തേക്ക്

മീര നായർ

- 15 ദിവസത്തിനകം കുറ്റപത്രം നൽകാൻ സി.ബി.ഐയ്ക്ക് ഹൈക്കോടതി നിർദ്ദേശം
- സ്വയം രാജിവെച്ചില്ലെങ്കിൽ പുറത്താക്കാൻ സാധ്യത
- യൂണിയൻ ഓഫിസിന് വേണ്ടി പിരിച്ച തുകയും തട്ടിയെന്ന് ആർ എം പരമേശ്വരൻ
- പാർട്ടിയിലും യൂണിയനിലും നിൽക്കക്കള്ളിയില്ലാതെ ചന്ദ്രശേഖരൻ

കശുവണ്ടി ഇറക്കുമതി അഴിമതിക്കേസിൽ പ്രോസിക്യൂഷന് സർക്കാർ അനുമതി നൽകിയതോടെ ഐ.എൻ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റ് കെ. ചന്ദ്രശേഖരന്റെ രാജി അനിവാര്യമായി. സ്വയം രാജിവെച്ചില്ലെങ്കിൽ ഉടൻ തന്നെ അദ്ദേഹത്തെ സംഘടനയിൽ നിന്ന് പുറത്താക്കാൻ ഐ.എൻ.റ്റി.യു.സി. അഖിലേന്ത്യാ നേതൃത്വത്തിന്മേലുള്ള സമ്മർദ്ദം ശക്തമാകുകയും ചെയ്തു.

ചന്ദ്രശേഖരന് എതിരായ പടയൊരുക്കം തുടരുകയാണ്. കോൺഗ്രസ്സിലെ പ്രമുഖ നേതാക്കളടക്കം മഹാ ഭൂരിപക്ഷംപേരും ചന്ദ്രശേഖരൻ സ്ഥാനമൊഴിയണമെന്ന നിലപാടിലാണ്. സംസ്ഥാന തലത്തിൽ പ്രതിഷേധം ബലപ്പെടുത്താനുള്ള നീക്കവും ചിലർ നടത്തുന്നുണ്ട്. അതേ സമയം അഴിമതിയുടെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് ചന്ദ്രശേഖരൻ രാജിവയ്ക്കുമെന്ന് ആരും കരുതുന്നില്ല. അങ്ങനെയൊരു ചിന്ത ഉണ്ടായിരുന്നെങ്കിൽ വളരെ നേരത്തെ തന്നെ അത് സംഭവിക്കേണ്ടതായിരുന്നു. ധാർമ്മികത എന്നൊരു വാക്ക് അദ്ദേഹത്തിന്റെ രാഷ്ട്രീയ നിഘണ്ടുവിൽ ഇല്ലാത്തതിനാൽ അങ്ങനെയൊരു തിരോധാനം ഒരിക്കലും ഉണ്ടാവില്ല. അതുകൊണ്ടുതന്നെ ഐ.എൻ.റ്റി.യു.സി കേന്ദ്ര നേതൃത്വം ഇടപെട്ട് അദ്ദേഹത്തെ പുറത്താക്കണമെന്നാണ് ബഹുഭൂരിപക്ഷം നേതാക്കളും പ്രവർത്തകരും ആവശ്യപ്പെടുന്നത്.

അതേസമയം സി.ബി.ഐ അന്വേഷിച്ച് കുറ്റപത്രം നൽകിയ കേസ് വിചാരണയിലേക്ക് നീങ്ങിയതോടെ ചന്ദ്രശേഖരൻ പൂർണ്ണമായും ഒറ്റപ്പെട്ട അവസ്ഥയിലാണ്. എന്തൊക്കെ സംഭവിച്ചാലും ഐ.എൻ.റ്റി.യു.സി കേന്ദ്ര നേതൃത്വം തന്നോടൊപ്പം അവസാനം വരെ ഉണ്ടാകുമെന്നാണ് അദ്ദേഹം പ്രത്യാശിക്കുന്നത്. എന്നാൽ തൊഴിലാളി സംഘടനാ നേതൃത്വവും ഭരണകക്ഷിയായ കോൺഗ്രസ്സും ഭരണ മുന്നണിയും രാജി ആവശ്യപ്പെടുമ്പോൾ രാജി വേണ്ട എന്ന് ഐ.എൻ.റ്റി.യു.സി. യുടെ അഖിലേന്ത്യാ നേതൃത്വം തീരുമാനിക്കുമെന്ന് ആരും കരുതുന്നില്ല. ചന്ദ്രശേഖരന് പുറത്തേക്കുള്ള വഴി കാണിച്ചുകൊടുക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ ഐ.എൻ.റ്റി.യു. സി തയ്യാറാവില്ല. അങ്ങനെ ചന്ദ്രശേഖരന്റെ സ്ഥാനമൊഴിയൽ യാഥാർത്ഥ്യമാകുമെന്ന് തന്നെയാണ് കോൺഗ്രസ് നേതാക്കളുടെയും അണികളുടെയും പ്രതീക്ഷ.

അതേസമയം ചന്ദ്രശേഖരനെ ഐ.എൻ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തുനിന്നും പുറത്താക്കണമെന്ന് സംഘടനയുടെ അഖിലേന്ത്യാ സീനിയർ സെക്രട്ടറി സുരേഷ് ബാബു ആവശ്യപ്പെട്ടു. കോടികളുടെ അഴിമതിക്കേസിൽ വിചാരണയ്ക്ക് വിധിക്കപ്പെട്ട ചന്ദ്രശേഖരൻ ആ സ്ഥാനത്ത് തുടരുവാനും പാടില്ല.

സംസ്ഥാന കമ്മിറ്റി ഓഫീസിന് വേണ്ടി ചന്ദ്രശേഖരൻ കോടികൾ പിരിച്ചു വാങ്ങിയ കെട്ടിടത്തിന് നിർമ്മാണാനുമതി ഇല്ലാതിരുന്നതിനാൽ ചില ഭാഗങ്ങൾ പൊളിച്ചുനീക്കിയിരിക്കുകയുമാണ്. കെട്ടിടം പൊളിക്കാനും ഫണ്ട് പിരിവ് നടത്തിയെന്നും അദ്ദേഹം ആരോപിച്ചു. ഈ സാഹചര്യത്തിൽ ചന്ദ്രശേഖരനെ ഐ.എൻ.റ്റി.യു.സി യുടെയും കോൺഗ്രസിന്റെയും എല്ലാ സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഐ.എൻ.റ്റി.യു.സി യുടെ മറ്റു ഭാരവാഹികളായ കെ. പി. ഹരിദാസ്, ചിങ്ങന്നൂർ മനോജ്, സുധാകരൻ പി, വർഗീസ് ജോസഫ്, വഞ്ചിയൂർ രാധാകൃഷ്ണൻ, ചാല സുധാകരൻ എന്നിവരും ആർ എം പരമേശ്വരന്റെ അഭിപ്രായത്തോട് യോജിച്ചു.

Download Copy

## മന്ത്രിമാരായ കുഞ്ഞാലിക്കുട്ടിയുടെയും ബിന്ദു കൃഷ്ണയുടെയും ഇടപെടൽ





# കോറോഹെൽത്തിൽ പിരിച്ചുവിട്ടവർക്ക് 7 മാസത്തെ ശമ്പളം; പുതിയ ജോലിയും

കോറോഹെൽത്തിൽ നിന്ന് പിരിച്ചുവിട്ടവർക്ക് നഷ്ടപരിഹാരമായി 7 മാസത്തെ ശമ്പളം നൽകും. മറ്റ് ഐ റ്റി കമ്പനികൾ ഇവർക്ക് ജോലി നൽകുകയും ചെയ്യും മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടിയുടെയും ബിന്ദു കൃഷ്ണയുടെയും സജീവമായ ഇടപെടലാണ് ഇതിന് വഴിയൊരുക്കിയത്.

ഐറ്റി മുന്നണി കൂട്ടായ്മയായ ജി-ടെക് പ്രതിനിധികളുമായി കുഞ്ഞാലിക്കുട്ടി നടത്തിയ ചർച്ചയിലാണ് പിരിച്ചുവിടപ്പെട്ടവർക്ക് മറ്റ് കമ്പനികളിൽ ജോലി നൽകാൻ ധാരണയായയത് കോറോ ഹെൽത്തിൽ നിന്ന് ജീവനക്കാരുടെ പ്രൊഫൈലുകൾ ശേഖരിച്ച് ജി-ടെക് അംഗ കമ്പനികൾക്ക് കൈമാറും. യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ജോജലി നൽകു. നിർമ്മിത ബുദ്ധി സൃഷ്ടിച്ചിരിക്കുന്ന പുതിയ പ്രതിസന്ധി മറികടക്കാനാകുമെന്നും ഈ മേഖലയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുമെന്നും ജി-ടെക് ചെയർമാൻ ജിജോജി. ജോൺ പറഞ്ഞു.

പല പൊതുമേഖലാ സ്ഥാപനങ്ങളിലും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും ഇത് സംബന്ധിച്ച് ധവളപത്രം ഇറക്കുന്ന കാര്യം പരിശോധിച്ചു വരികയാണെന്ന് വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടി പറഞ്ഞു. കോറോ ഹെൽത്തിലെ കൊച്ചി, കോഴിക്കോട് ഓഫീസുകളിലെ 900-ഓളം തൊഴിലാളികളെയാണ് പിരിച്ചുവിട്ടത്.

തൊഴിലാളി പ്രതിനിധികളുമായി മന്ത്രി ബിന്ദു കൃഷ്ണ നടത്തിയ ചർച്ചയും ഫലം കണ്ടു. ജീവനക്കാർക്ക് അഞ്ചുമാസത്തെ അധിക ശമ്പളം ഉൾപ്പെടെ 7 മാസത്തെ ശമ്പളം നൽകാനാണ് തീരുമാനം.

ഇത് കേരള ചരിത്രത്തിലെ ആദ്യത്തെ സംഭവമാണെന്ന് സി.ഐ.റ്റി.യു, എ.ഐ.റ്റി.യു.സി, ബി.എം.എസ്, യു.റ്റി.യു.സി, എസ്.റ്റി.യു, ഐ.എൻ.റ്റി.യു.സി എന്നിവ ഉൾപ്പെടെയുള്ള തൊഴിലാളി നേതാക്കൾ അഭിപ്രായപ്പെട്ടു. നേതാക്കളും ജീവനക്കാരും മന്ത്രിയോട് നന്ദി പറഞ്ഞു.



Download Copy

## 250 കോടിയുടെ കമ്പനി പൂട്ടിച്ച്
## 2500 കോടിയുടെ വൻ സംരംഭം




സുമ കൊല്ലങ്കോട്

# 300 ജീവനക്കാരെ പിരിച്ചുവിട്ട് 'ടാൽറോപ്പ്

കോറോ ഹെൽത്തിന് പിന്നാലെ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ടെക് ഇക്കോസിസ്റ്റം കമ്പനിയായ ടാൽറോപ്പിലും കൂട്ടപ്പിരിച്ചുവിടൽ. നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ വരവോടെ 250 കോടിയുടെ ഇക്കോസിസ്റ്റം അടച്ചു പൂട്ടി നവ ബിസിനസ്സ് സംരംഭങ്ങളിലേക്ക് കടക്കുകയാണെന്ന് കമ്പനി പ്രഖ്യാപിച്ചു.

ഇതോടെ 300 ജീവനക്കാർക്ക് ജോലി നഷ്ടപ്പെട്ടു. കഴിഞ്ഞ 11 മാസമായി ശമ്പള കുടിശ്ശികയുള്ളവരും പിരിച്ചുവിടുമ്പോൾ ലഭിക്കേണ്ട നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കാത്തവരും അടക്കമുള്ളവർ ഇപ്പോൾ പ്രതിഷേധവുമായി രംഗത്തുണ്ട്. വിഷയത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളും ഇടപെട്ടിട്ടുണ്ട്.

എറണാകുളം ആസ്ഥാനമായ കമ്പനിയുടെ ഹെഡ് ഓഫീസും കേരളത്തിലെ 30-ലധികം ശാഖകളും അടച്ചു പൂട്ടി. കോളേജുകളിൽ കാമ്പസ് ഇന്നവേഷൻ ഹബ്ബുകൾ സ്ഥാപിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തനം തുടങ്ങിയത്.

എം.ബി.എ., ഡിഗ്രി, ബിടെക് ബിരുദധാരികളാണ് ഭൂരിഭാഗം ജീവനക്കാരും. പലർക്കും ആറ് മാസം മുതൽ 11 മാസം വരെ ശമ്പള കുടിശ്ശികയുണ്ട്.

വരുന്ന ഒക്ടോബറിനകം ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുമെന്നാണ് കമ്പനി പറഞ്ഞിരുന്നത്. അതിനിടെയാണ് അപ്രതീക്ഷിത അടച്ചുപൂട്ടൽ.

സ്റ്റാർട്ടപ്പുകൾ അടക്കമുള്ളവയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചു നൽകുന്ന കമ്പനിയാണ് ടാൽറോപ്പ് എന്നാണ് വെബ്സൈറ്റിൽ പറയുന്നത്. തിരുവനന്തപുരം സ്വദേശികളാണ് ഇതിന്റെ സ്ഥാപക ഉടമകൾ. കഴിഞ്ഞ 10 വർഷമായി കമ്പനി സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ടെക് പാർക്കുകളും മറ്റും നിർമ്മിച്ച് തുടങ്ങിയതായി പറയുന്നു.

സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറയുമ്പോഴും ഉടമകൾ മറ്റു സംസ്ഥാനങ്ങളിൽ പുതിയ നിക്ഷേപങ്ങളുമായി മുന്നോട്ട് പോവുകയാണെന്ന് ജീവനക്കാർ ആരോപിക്കുന്നു.

Download Copy

ആശുപത്രി മാനേജ്മെന്റുകൾ അനങ്ങുന്നില്ല




ആശ മാത്യു

# നഴ്സുമാരുടെ സമരം ആറാം മാസത്തിലേക്ക്

- മിനിമം വേതനം നടപ്പാക്കും വരെ സമരം തുടരും
- ഇടക്കാലാശ്വാസത്തിലും വിട്ടുവീഴ്ചയില്ല
- ശമ്പള പരിഷ്കരണം നിശ്ചയിക്കാൻ സർക്കാർ സമിതി
- ചർച്ചകൾ തുടരുന്നു
- അമല ആശുപത്രിയിലെ സമരം ഒത്തു തീർപ്പായി


Download Copy

സംസ്ഥാനത്ത് നഴ്സുമാരുടെ സമരം അഞ്ചാം മാസത്തിലേക്ക് കടന്നിരിക്കുന്നു. ആശുപത്രികൾ അനങ്ങാപ്പാറ നയം അവലംബിക്കുന്നതിനാൽ സമരം എന്ന് അവസാനിക്കുമെന്ന കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. മിനിമം വേതനം ഉറപ്പാക്കും വരെ സമരം തുടരാനാണ് നഴ്സുമാരുടെ തീരുമാനം. ഇക്കാര്യത്തിൽ മരണം വരെ സമരം ചെയ്യാനും അവർ തയ്യാറാണ്. ഇടക്കാലാശ്വാസവും കൂടിയ തീരൂ. നഴ്സുമാരുടെ ശമ്പള പരിഷ്കരണത്തിനായി സംസ്ഥാന സർക്കാർ സമിതി രൂപീകരിച്ചതിൽ നഴ്സുമാർ സംതൃപ്തരാണ്. ഈ വിഷയത്തിൽ സർക്കാർ കഴിഞ്ഞ സർക്കാരിന്റെ കരട് വിജ്ഞാപനവും പരിശോധിക്കും. രണ്ട് മാസത്തെ സമയമെങ്കിലും എടുത്തു വേണം ശമ്പള പരിഷ്കരണം നിശ്ചയിക്കാൻ. അതേ സമയം സർക്കാരുമായി ചർച്ചകൾ തുടരാൻ തയ്യാറാണെന്ന് നഴ്സുമാർ പ്രഖ്യാപിച്ചിട്ടുമുണ്ട്.

അമല, ജൂബിലി മിഷൻ ആശുപത്രികളിലെ നഴ്സുമാർ മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ട് നടത്തിവന്ന സമരം 87 ദിവസം പിന്നിട്ടപ്പോഴാണ്. സമരക്കാർക്ക് പിന്തുണയുമായി യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (യു.എൻ.എ) രംഗത്ത് വന്നത്. സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന നഴ്സുമാരിൽ 112 പേർക്ക് 1000 രൂപ വീതമുള്ള സഹായധനം യു.എൻ.എ കൈമാറി. സാമ്പത്തിക ദുരിതം അനുഭവിക്കുന്ന സമരക്കാരായ നഴ്സുമാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘടന ഇത്തരം ഒരു സാമ്പത്തിക പിന്തുണ നൽകിയത്. അമല, ജൂബിലി ആശുപത്രികളിലെ സമരപ്പന്തലിൽ എത്തിയാണ് യു.എൻ.എ പ്രസിഡന്റ് ഷോബി ജോസഫ് അടക്കമുള്ള ഭാരവാഹികൾ സഹായധനം കൈമാറിയത്.

സമരം അനിശ്ചിതമായി നീണ്ടുപോകുന്നതും ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നുള്ള അവഗണനയും വലിയ പ്രതിഷേധത്തിന് വഴിതെളിച്ചിട്ടുണ്ട്. ലേബർ ഓഫീസർമാർ മാനേജ്മെന്റുകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് ആരോപിച്ച് നഴ്സുമാർ ലേബർ ഓഫീസ് ഉപരോധിച്ചിരുന്നു. തൃശൂർ ലേബർ ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷമുണ്ടാവുകയും പോലീസ് ലാത്തിവീശുകയും ചെയ്തു. സംഘർഷത്തിനിടെ സംസ്ഥാന-ജില്ലാ-യൂണിറ്റ് തല ഭാരവാഹികൾക്ക് മർദ്ദനമേൽക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് തൃശൂർ ജില്ലയിൽ സൂചന പണിമുടക്കും സംസ്ഥാന വ്യാപകമായി കരിദിനവും ആചരിച്ചിരുന്നു.

സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂർ ജില്ലയിലുടനീളം നഴ്സുമാർ പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങിയിരുന്നു തുടർന്ന് എന്ന് ഈ സമരം സംസ്ഥാന തലത്തിലേക്ക് വ്യാപിപ്പിക്കാൻ സംഘടന തീരുമാനിച്ചത്.

സംഘടനാ പ്രവർത്തനം അനുവദിക്കാത്ത മാനേജ്മെന്റ് നിലപാടിനെതിരെയും രൂക്ഷമായ വിമർശനങ്ങളാണ് ഉയരുന്നത്. തൊഴിലാളികളെ അസംഘടിതരായി നിലനിർത്തി ചൂഷണം ചെയ്യാനുള്ള ശ്രമമാണ് ഇതിന് പിന്നിലെന്ന് യു.എൻ.എ ആരോപിക്കുന്നു.

യോഗ്യതയില്ലാത്തവർ നഴ്സുമാരായി ജോലി ചെയ്യുന്നതിനെതിരെ പരാതി നൽകിയിട്ടും ഡി.എം.ഒ നടപടി സ്വീകരിക്കുന്നില്ലെന്ന് ആരോപിച്ചും സംഘടന പ്രതിഷേധിക്കുന്നുണ്ട്. യോഗ്യതയില്ലാത്ത നൂറുകണക്കിന് പേർ അമല, ജൂബിലി ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ടെന്ന് തെളിവ് സഹിതം പരാതി നൽകിയിട്ടും ഡി.എം.ഒ നടപടിയെടുക്കുന്നില്ലെന്നും യു.എൻ.എ ആരോപിക്കുന്നു. കോടതി നോട്ടീസ് അയച്ചിട്ടും ഡി.എം.ഒയുടെ ഭാഗത്ത് നിന്ന് യാതൊരു നടപടിയും ഉണ്ടായില്ലെന്ന് സംഘടന ആരോപിക്കുന്നു.

എന്തായാലും ആരോഗ്യ മന്ത്രിയുമായി നടക്കാനിരിക്കുന്ന ചർച്ചയിൽ ഒത്തുതീർപ്പുണ്ടാകുമെന്ന ശുഭപ്രതീക്ഷയിലാണ് നഴ്സുമാർ.

Download Copy



# റിട്ടയർമെന്റിനൊപ്പം ആരോഗ്യ ഇൻഷുറൻസും ഉറപ്പാക്കുന്നു

അഷറഫ് എസ്



Download Copy

- **പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചു**
- **പുതിയ പദ്ധതി രണ്ടു മാസത്തിനകം പ്രാബല്യത്തിൽ വരും**
- **ചെലവേറിയ ചികിത്സകളുടെ സാമ്പത്തികഘാതം തടയുക മുഖ്യലക്ഷ്യം**
- **ചികിത്സാ ചെലവുകൾക്ക് പെൻഷൻ നിക്ഷേപം എടുക്കേണ്ടി വരില്ല**

റിട്ടയർമെന്റ് സമ്പാദ്യത്തോടൊപ്പം ആരോഗ്യ ഇൻഷുറൻസ് കൂടി ഉറപ്പാക്കാൻ സംവിധാനമായി. ഇതിനായി പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചു. എൻ.പി.എസ് സ്വാസ്ഥ്യ എന്ന് പേരുള്ള പദ്ധതി രണ്ടു മാസത്തിനകം പ്രാബല്യത്തിൽ വരും. മാരക രോഗങ്ങൾക്കും വൻ തുക ആവശ്യമുള്ള ചികിത്സകൾക്കും ഉൾപ്പെടെ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണിത്.

പദ്ധതിയുടെ വിശദാംശങ്ങൾ: പ്രത്യേക ഹെൽത്ത് സേവിംഗ്സ് അക്കൗണ്ടും ഗ്രൂപ്പ് ടോപ്പ്-അപ്പ് ഹെൽത്ത് ഇൻഷുറൻസ് പോളിസിയും നിക്ഷേപകർക്ക് ലഭ്യമാകും. വരിക്കാർ നൽകുന്ന വിഹിതത്തിന്റെ ഒരു ഭാഗം ടോപ്പ്-അപ്പ് ഇൻഷുറൻസ് പ്രീമിയത്തിലേയ്ക്കും ബാക്കി തുക ഹെൽത്ത് സേവിംഗ്സ് അക്കൗണ്ടിലേക്കും മാറ്റും. ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ പ്രാഥമികമായി നൽകേണ്ടിവരുന്ന തുക വരിക്കാരന്റെ ഹെൽത്ത് സേവിംഗ്സ് അക്കൗണ്ടിൽ നിന്ന് നൽകും. ബാക്കിയുള്ള തുക ടോപ്പ്-അപ്പ് ഇൻഷുറൻസ് കമ്പനി നേരിട്ട് തീർപ്പാക്കും.

പെൻഷൻ ഫണ്ട് മാനേജർമാർ മറ്റ് വരിക്കാർക്ക് വേണ്ടി മൊത്തമായി പോളിസി വാങ്ങുന്നതിലൂടെ ഇൻഷുറൻസ് ചെലവ് കുറയ്ക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന സാമ്പത്തികഘാതം തടയുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ആയുഷ്മാൻ ഭാരത് പോലുള്ള സർക്കാർ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി സർക്കാർ സബ്സിഡി ആശ്രയിക്കാതെ തന്നെ മുന്നോട്ട് പോകാൻ കഴിയുന്ന ഇൻഷുറൻസ് മാതൃകയാണ് അവതരിപ്പിക്കുക. ആരോഗ്യ ആവശ്യങ്ങൾക്കായി നീക്കിവെച്ചിരിക്കുന്ന പ്രത്യേക അക്കൗണ്ട് ഉള്ളതിനാൽ ചികിത്സാ ചെലവുകൾക്കായി പെൻഷൻ നിക്ഷേപം എടുക്കേണ്ടി വരില്ല.

പരീക്ഷണാടിസ്ഥാനത്തിൽ ആദിത്യ ബിർള ഹെൽത്ത് ഇൻഷുറൻസുമായി കരാറിലെത്തിയിട്ടുണ്ട്. ഭാവിയിൽ കൂടുതൽ പൊതു-സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് കമ്പനികളെ ഉൾപ്പെടുത്താനാണ് ശ്രമം.

വിശദമായ പദ്ധതിരേഖ വിശദീകരിച്ചുകൊണ്ടുള്ള സർക്കുലർ പെൻഷൻ ഫണ്ട് അതോറിറ്റി ഉടൻ പുറത്തിറക്കും. സെൻട്രൽ റെക്കോർഡ് കീപ്പിംഗ് ഏജൻസികളുടെ (സി.ആർ.എ) ബാക്കെന്റ് സംവിധാനങ്ങളുമായി കൂട്ടിയിണക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. സർക്കാർ സബ്സിഡി ആശ്രയിക്കാതെ റിട്ടയർമെന്റ് സമ്പാദ്യത്തോടൊപ്പം ആരോഗ്യ സുരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് എൻ.പി.എസ് സ്വാസ്ഥ്യ അവതരിപ്പിക്കുന്നത്.

Download Copy



**Noushad Sharafudeen**
Former First State Nodal Officer
PM Surya Ghar Yojana, Kerala

# സോളാർ മേഖലയിലെ ഞെട്ടിക്കുന്ന മാറ്റങ്ങൾ

ഇന്ത്യയിലും കേരളത്തിലും സോളാർ മേഖലയിലെ വളർച്ച അതിവേഗത്തിലാണ്. വൈദ്യുതി ആവശ്യകത വർധിക്കുന്നതും പരമ്പരാഗത ഇന്ധനങ്ങളുടെ വില ഉയരുന്നതും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത കൂടുന്നതുമാണ് സോളാർ ഊർജ്ജത്തെ കൂടുതൽ പ്രാധാന്യമുള്ളതാക്കുന്നത്.

പ്രധാനമന്ത്രി സൂര്യഘർ പദ്ധതി, കാർഷിക സോളാർ പദ്ധതികൾ, വലിയ ഗ്രൗണ്ട്-മൗണ്ടഡ് സോളാർ പാർക്കുകൾ, റൂഫ്ടോപ്പ് സോളാർ സംവിധാനങ്ങൾ എന്നിവയുടെ വ്യാപനം രാജ്യത്തിന്റെ ഊർജ്ജ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയാണ്. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായങ്ങൾ എന്നിവയിൽ സോളാർ സംവിധാനങ്ങൾ വ്യാപകമാകുന്നതോടെ വൈദ്യുതി ഉപഭോക്താക്കൾ തന്നെ വൈദ്യുതി ഉൽപാദകരായി മാറുന്ന സാഹചര്യം രൂപപ്പെടുന്നു.

സോളാർ രംഗത്തെ ഏറ്റവും വലിയ മാറ്റങ്ങളിൽ ഒന്നാണ് ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനങ്ങളുടെ (BESS) വളർച്ച. പകൽ സമയത്ത് ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി സംഭരിച്ച് രാത്രിയിലും ഉപയോഗിക്കാൻ കഴിയുന്നത് വൈദ്യുതി വിതരണ രംഗത്ത് പുതിയ സാധ്യതകൾ സൃഷ്ടിക്കുന്നു. Community Battery Storage, Virtual Power Plant, Smart Grid, Digital Twin തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ഭാവിയിലെ വൈദ്യുതി സംവിധാനങ്ങളുടെ അവിഭാജ്യ ഘടകങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ റൂഫ്ടോപ്പ് സോളാർ സംവിധാനങ്ങളുടെ വർധനവ് കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഖലയെ കൂടുതൽ സ്മാർട്ടും കാര്യക്ഷമവുമാക്കേണ്ട ആവശ്യകത ഉയർത്തിയിട്ടുണ്ട്. ഇതിനായി Smart Metering, Self-Healing Grid, Artificial Intelligence അധിഷ്ഠിത Grid Management തുടങ്ങിയ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു.

സോളാർ മേഖലയിലെ ഈ അതിവേഗ വളർച്ച EPC കമ്പനികൾക്കും നിക്ഷേപകർക്കും സാങ്കേതിക വിദഗ്ധർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ, ഗുണനിലവാരം, സുരക്ഷ, ദീർഘകാല പ്രവർത്തനക്ഷമത എന്നിവ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും വർധിപ്പിക്കുന്നു.

സോളാർ ഇനി ഒരു ബദൽ ഊർജ്ജ സ്രോതസ്സ് മാത്രമല്ല; ഭാവിയിലെ ഊർജ്ജ വ്യവസ്ഥയുടെ കേന്ദ്രബിന്ദുവായി മാറിക്കൊണ്ടിരിക്കുകയാണ്. ഊർജ്ജ സ്വയംപര്യാപ്തതയിലേക്കും ഹരിത വികസനത്തിലേക്കും ഇന്ത്യയെ നയിക്കുന്ന പ്രധാന ശക്തിയായി സോളാർ രംഗം മാറുമെന്നതിൽ സംശയമില്ല.

കേരളത്തിന്റെ ഭാവി വൈദ്യുതി ശൃംഖലയിലേക്ക് Community Battery Energy Storage Systems (C- BESS)

'പകൽ സൂര്യപ്രകാശം സംഭരിച്ച് വൈകുന്നേരം കേരളത്തിന് വൈദ്യുതിയായി തിരികെ നൽകുന്ന വിപ്ലവകരമായ സംവിധാനം'

കേരള സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ വൈദ്യുതി മേഖലയെ കൂടുതൽ ആധുനികവും സ്ഥിരതയുള്ളതുമാക്കുന്നതിനായി പ്രഖ്യാപിച്ച പ്രധാന പദ്ധതികളിലൊന്നാണ് Community Battery Storage System (C -BESS). സംസ്ഥാനത്ത് rooftop solar സംവിധാനങ്ങൾ അതിവേഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ, പകൽ സമയത്ത് ഉൽപാദിപ്പിക്കുന്ന അധിക സൗരവൈദ്യുതി പ്രാദേശികമായി സംഭരിച്ച് ആവശ്യസമയത്ത് ഉപയോഗപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.



Download Copy

### കേരളത്തിലെ നിലവിലെ സാഹചര്യം

PM Surya Ghar ഉൾപ്പെടെയുള്ള പദ്ധതികളുടെ ഭാഗമായി കേരളത്തിൽ rooftop solar സ്ഥാപിത ശേഷി വേഗത്തിൽ വർധിച്ചുവരികയാണ്.

കേരളത്തിന്റെ പരമാവധി വൈദ്യുതി ആവശ്യം (Peak Demand) അടുത്ത വർഷങ്ങളിൽ 7,000 മെഗാവാട്ട് കടക്കുമെന്നാണ് കണക്കുകൂട്ടൽ.

അതേസമയം, സൗരോർജ ഉൽപാദനം ഏറ്റവും കൂടുതലുള്ള ഉച്ചസമയത്തും വൈദ്യുതി ആവശ്യകത ഏറ്റവും കൂടുതലുള്ളത് വൈകുന്നേരം 6 മുതൽ 10 വരെയുമാണ്. ഈ വ്യത്യാസം പരിഹരിക്കാനാണ് Battery Storage സംവിധാനങ്ങളുടെ ആവശ്യകത.

Community Battery Storage System എങ്ങനെ പ്രവർത്തിക്കും?

Community Battery Storage System സാധാരണയായി ഒരു Distribution Transformer (DTR)ന്റെ LT Side-ൽ സ്ഥാപിക്കും.

പകൽ സമയത്ത് Rooftop Solar വഴി ലഭിക്കുന്ന അധിക വൈദ്യുതി Community Batteryയിൽ സംഭരിക്കും. വൈകുന്നേര Peak സമയത്ത് Battery Discharge ചെയ്ത്: വീടുകൾക്ക് വൈദ്യുതി നൽകും EV Charging Stationsനെ പിന്തുണക്കും പ്രാദേശിക വൈദ്യുതി ആവശ്യകത നിറവേറ്റും

### CBS ന്റെ പ്രധാന നേട്ടങ്ങൾ

1. Transformer Overload കുറയും Peak സമയത്ത് Battery വൈദ്യുതി നൽകുന്നതിനാൽ Transformerന്റെ ലോഡ് ഗണ്യമായി കുറയും.

2. Voltage Stability മെച്ചപ്പെടും ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും Voltage Fluctuation നിയന്ത്രിക്കാൻ സഹായിക്കും.

3. Renewable Energy Curtailment കുറയും

Solar ഉൽപാദനം പാഴാകാതെ സംഭരിക്കാൻ കഴിയും.

4. Transformer ആയുസ്സ് വർധിക്കും Transformer Heating കുറയുന്നതിലൂടെ Maintenance ചെലവും Breakdown സാധ്യതയും കുറയും.

5. EV Charging Infrastructureന് പിന്തുണ EV Charging മൂലമുണ്ടാകുന്ന പ്രാദേശിക Peak Load Battery വഴി കൈകാര്യം ചെയ്യാം.

### കേന്ദ്ര സർക്കാരിന്റെയും നിയന്ത്രണ സ്ഥാപനങ്ങളുടെയും പിന്തുണ

ഇന്ത്യയുടെ Central Electricity Authority 2023 National Electricity Plan-ൽ 2032 ഓടെ രാജ്യത്തിന് വലിയ തോതിൽ Battery Energy Storage Systems (BESS) ആവശ്യമായി വരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

Ministry of Power Battery Energy Storage Systems-നെ ദേശീയ ഗ്രിഡിന്റെ പ്രധാന ഘടകമായി പ്രഖ്യാപിച്ചിട്ടുണ്ട്.

Central Electricity Regulatory Commission Battery Storage-നെ Generation, Transmission, Distribution മേഖലകളിൽ ഉപയോഗിക്കാനുള്ള നിയന്ത്രണ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

Kerala State Electricity Regulatory Commission ഭാവിയിൽ Distribution Level Energy Storage പദ്ധതികൾക്ക് പ്രത്യേക പ്രോത്സാഹന പദ്ധതികൾ അവതരിപ്പിക്കുമെന്നാണ് പ്രതീക്ഷ.

### AI അധിഷ്ഠിത Smart Battery Network

ഭാവിയിൽ Community Battery Storage System-കൾ താഴെ പറയുന്ന സാങ്കേതികവിദ്യകളുമായി സംയോജിപ്പിക്കാനാണ് ലക്ഷ്യം:

Artificial Intelligence (AI)

Smart Meters

Advanced Metering Infrastructure (AMI)

Energy Management System (EMS)

IoT Sensors

Digital Twin Technology

**ഇതിലൂടെ:**

Automatic Charge/Discharge

Peak Saving

Demand Forecasting

Fault Prediction

Self-Healing Grid Operations എന്നിവ സാധ്യമാകും.

### കേരളത്തിന്റെ ഊർജ ഭാവിയിലേക്ക്

'ഓരോ ട്രാൻസ്ഫോർമറും ഒരു മിനി പവർ ബാങ്കായി മാറുന്ന കാലം വിദൂരമല്ല.'

Rooftop Solar, Electric Vehicles, Smart Grid, Artificial Intelligence എന്നീ സാങ്കേതികവിദ്യകളുടെ സംഗമമാണ് Community Battery Storage System.

ഇത് ഒരു Battery പദ്ധതി മാത്രമല്ല; കേരളത്തെ 24x7 ശുദ്ധവും വിശ്വസനീയവും സ്മാർട്ടുമായ വൈദ്യുതി ശൃംഖലയിലേക്ക് നയിക്കുന്ന ഊർജ വിപ്ലവത്തിന്റെ അടിത്തറയാണ്.

'പകൽ സൂര്യനിൽ നിന്ന് ഊർജം സംഭരിച്ച്, രാത്രിയിൽ കേരളത്തെ പ്രകാശിപ്പിക്കുന്ന സ്മാർട്ട് ഊർജ ബാങ്കുകൾ അതാണ് Community Battery Storage System.'

Download Copy



## തൊഴിലുറപ്പ് ഓർമ്മയായി

# കേന്ദ്ര പദ്ധതിയോട് വൈമുഖ്യം

ഷീല വേണുഗോപാൽ

**ക്ഷേമനിധി പൂട്ടിക്കെട്ടുന്നു**
**ഒരു വർഷത്തിനിടയിൽ രണ്ട് ലക്ഷം പേർ തൊഴിലുറപ്പ് വിട്ടുപോയി.**
**ക്ഷേമനിധിയിൽ ഇതുവരെ ചേർന്നത് 14,415 പേർ. ലക്ഷ്യമിട്ടത് ആറ് ലക്ഷം.**

മഹാത്മാഗാന്ധിക്ക് പകരം വിബി– ജിറാംജി വന്നപ്പോൾ തൊഴിലുറപ്പ് ഓർമ്മയായി. ഹാജർ കുറവാണ്. ദിവസങ്ങൾക്ക് മുമ്പ് പ്രതിദിന വേതനം 401 രൂപയാക്കിയെങ്കിലും ഇപ്പോഴും അനാകർഷക മെന്നാണ് തൊഴിലാളികൾ പറയുന്നത്.

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളി കൾക്ക് 7500 രൂപയുടെ പ്രസവാനുകൂല്യം (രണ്ട് തവണ), ചികിത്സാസഹായം 10000 രൂപ വരെ, അംശാദായം അടച്ച് 60 വയസ്സ് തികയുന്നവർക്ക് പെൻഷൻ, വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ മക്കൾക്കും വിവാഹസഹായ ധനം, ഗുരുതരരോഗം ബാധിച്ചവർക്ക് ചികിത്സാ സഹായം, അംഗമോ കുടുംബാംഗമോ മരിച്ചാൽ മരണാനന്തര ചെലവ് തുട ങ്ങിയവയായിരുന്നു ഉൾപ്പെടുത്തിയ ആനുകൂല്യങ്ങൾ.

മഹാത്മാഗാന്ധിക്ക് പകരം വിബി– ജിറാംജി വന്നപ്പോൾ തൊഴിലുറപ്പ് ഓർമ്മയായി. ഹാജർ കുറവാണ്. ദിവസങ്ങൾക്ക് മുമ്പ് പ്രതിദിന വേതനം 401 രൂപയാക്കിയെങ്കിലും ഇപ്പോഴും അനാകർഷക മെന്നാണ് തൊഴിലാളികൾ പറയുന്നത്.

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളി കൾക്ക് 7500 രൂപയുടെ പ്രസവാനുകൂല്യം (രണ്ട് തവണ), ചികിത്സാസഹായം 10000 രൂപ വരെ, അംശാദായം അടച്ച് 60 വയസ്സ് തികയുന്നവർക്ക് പെൻഷൻ, വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ മക്കൾക്കും വിവാഹസഹായ ധനം, ഗുരുതരരോഗം ബാധിച്ചവർക്ക് ചികിത്സാ സഹായം, അംഗമോ കുടുംബാംഗമോ മരിച്ചാൽ മരണാനന്തര ചെലവ് തുട ങ്ങിയവയായിരുന്നു ഉൾപ്പെടുത്തിയ ആനുകൂല്യങ്ങൾ.

പെൻഷൻ തുക എത്രയാണെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല. ക്ഷേമനിധി ബോർഡിന്റെ ഭാവി പുതിയ സർക്കാർ തീരുമാനിക്കും. രാജ്യത്താദ്യമായാണ് തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് ആരംഭിച്ചത്. മാസം 50 രൂപ അംശാദായം വാങ്ങി കേരളം തുടങ്ങിയ ക്ഷേമനിധിയിൽ കുറഞ്ഞത് ആറ് ലക്ഷം പേരെയെങ്കിലും ചേർക്കാനാണ് ലക്ഷ്യമിട്ടത്. പ്രവർത്തനം തുടങ്ങി മൂന്ന് വർഷത്തിനിടയിൽ അപേക്ഷിച്ചത് 17,742 പേർ മാത്രം. അംഗീകരിച്ച അപേക്ഷകൾ 14,415. അംശാദായം അടച്ചവർ 8345.

ദേശീയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും അയ്യൻകാളി നഗര തൊഴിലുറപ്പി ലെയും തൊഴിലാളികൾക്ക് ആനുകൂല്യം നൽകാനാണ് കഴിഞ്ഞ സർക്കാർ ക്ഷേമനിധി ബോർഡ് രൂപവത് കരിച്ചത്. അംഗങ്ങളെ ചേർക്കാൻ ജില്ലകൾ തോറും പ്രചാരണം നടത്തിയിട്ടും കാര്യമായ ഫലമുണ്ടായില്ല.

ക്ഷേമനിധിയിൽ ചേരാൻ പലരും മടിക്കുന്നതിന് പല കാരണങ്ങളുമുണ്ട്. കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ക്ഷേമ പെൻഷൻ കിട്ടാതാകുമോ എന്ന ആശങ്കയാണ് ഇതിൽ പ്രധാനം. ഏതെങ്കിലും ഒരു പെൻഷനേ വാങ്ങാൻ കഴിയൂ. തൊഴിലുറപ്പിന്റെ ഭാവി എന്താകും എന്ന ഉത്കണ്ഠയാണ് രണ്ടാമത്തേത്. നിലവിലുണ്ടാ യിരുന്നതിൽ നിന്ന് വ്യത്യസ്തമായി, തൊഴിലിലെ മാറ്റങ്ങൾ ജോലിയില്ലാതാക്കുമോ എന്ന് പലർക്കും ഭയമുണ്ട്.

കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളിലായി 20.85 ലക്ഷം സജീവ തൊഴിൽ കാർഡുടമകളും 24.85 ലക്ഷം തൊഴിലാളികളും ഒരു വർഷം മുമ്പ് ഉണ്ടായിരുന്നു. രണ്ട് ലക്ഷം തൊഴിലാളികൾ തൊഴിലുറപ്പ് വിട്ടുപോയി.

പുതുതലമുറ തൊഴിലുറപ്പ് ജോലിയിൽ ചേരാൻ താല്പര്യപ്പെടുന്നില്ല. അയ്യൻകാളി പദ്ധതി പൂർണ്ണ മായും സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗി ച്ചാണ് നടത്തുന്നത്.



Download Copy

# അനുസ്മരണം

# 20/06/2026



# ജി. അനിൽ കുമാർ

**ഇന്ത്യൻ തൊഴിലാളി മാസികയുടെ**
**ജനറൽ മാനേജർ**

**നിഷ്കളങ്കമായ സ്നേഹം, എന്തും ക്ഷമിക്കാനുള്ള സഹനം, ഊഷ്മളമായ സഹവർത്തിത്വം, നന്മ നിറഞ്ഞ വാമൊഴികൾ, ഒന്നും മറക്കില്ല ഈ മനോഹര തീരത്ത്. ഇനിയൊരു ജന്മമുണ്ടകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നികത്താനാകാത്ത**

**വേദനയോടെ**
**ഇന്ത്യൻ തൊഴിലാളി കുടുംബം**



ORCHID TECH. CONT. LLC

# LAUNCHING
# SOON IN KERALAM

## Modern and Traditional villa Projects

## DESIGN & INTERIORS








**Head office- Dubai, Branch office -Sharjah**
**Bringing Luxury and Design to the land of green**

+971 543941082(UAE)
+918129525459(INDIA)

https://www.orchidtechcontracting.ae/